
# حكم تارك الصلاة

# നമസ്കാരം ഉപേക്ഷിച്ചാൽ




ശൈഖ് മുഹമ്മദ് ബിൻ
സ്വാലിഹ് അൽ ഉസൈമീൻ


مليالم


المكتب التعاوني للدعوة والإرشاد وتوعية الجاليات في وسط بريدة

# നമസ്കാരം ഉപേക്ഷിച്ചാൽ

ശൈഖ് മുഹമ്മദ് ബിൻ
സ്വാലിഹ് അൽ ഉസൈമീൻ

---

സഊദി അറേബ്യ

---

ⓒ مكتب دعوة وتوعية الجاليات بعنيزة ، ١٤١٨هـ

فهرسة مكتبة الملك فهد الوطنية أثناء النشر
العثيمين ، محمد بن صالح
حكم تارك الصلاة / ترجمة محيي الدين العمري - عنيزة .
٢٤ ص ؛ ١٢ × ١٧ سم
ردمك : ٨ - ١٣ - ٧٨٣ - ٩٩٦٠
(النص باللغة المليبارية)
١ . الصلاة ٢ . المعاصي والذنوب أ . العمري ، محيي الدين (مترجم) ب . العنوان
ديوي ٢٥٢,٢ ١٨/٠٧٠١

رقم الايداع ١٨/٠٧٠١
ردمك : ٨ - ١٣ - ٧٨٣ - ٩٩٦٠

ഇസ്‌ലാമിനെ പരിചയപ്പെടാൻ ഓഡിയോ—വീഡിയോ കാസററുകൾക്കും വിവിധ ഭാഷയിലുള്ള പുസ്തകങ്ങൾക്കും ബന്ധപ്പെടുക.

ഇസ്‌ലാമിക് സെന്റർ
പി.ബി. നമ്പർ: 808
ഉനൈസ, സൗദി അറേബ്യ
ഫോൺ: 3644506

# നമസ്കാരം ഉപേക്ഷിച്ചാൽ

## നമസ്കാരം ഉപേക്ഷിക്കുന്നവനെ സംബന്ധിച്ച വിധി

വളരെയധികം ഗൗരവമുള്ള ഒരു വിഷയമാണിത്. നമസ്കാരം ഉപേക്ഷിക്കുന്നവനെ സംബന്ധിച്ച മതവിധിയെന്താണെന്ന വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ പല അഭിപ്രായങ്ങളുമുണ്ട്. ഇമാം അഹ്മദ്ബിൻ ഹമ്പൽ(റ) പറയുന്നു:

"നമസ്കാരം ഉപേക്ഷിക്കുന്നവൻ കാഫിറാവുകയും മുസ്ലിം സമുദായത്തിൽ നിന്നു പുറത്തുപോവുകയും ചെയ്യും. അവൻ തൗബഃ ചെയ്തു വീണ്ടും നമസ്കരിക്കാൻ തുടങ്ങുന്നില്ലെങ്കിൽ വധശിക്ഷയ്ക്ക് അർഹനായിത്തീരും. ഇമാം അബൂ ഹനീഫ, മാലിക്, ശാഫിഈ എന്നിവരുടെ അഭിപ്രായത്തിൽ നമസ്കാരം ഉപേക്ഷിക്കുന്നവൻ ധിക്കാരി (ഫാസിഖ്) യാണ്", കാഫിർ ആവുകയില്ല എന്നാകുന്നു.

നമസ്കാരം ഉപേക്ഷിക്കുന്നവൻ കൊല്ലപ്പെടുന്നത് കുററം ചെയ്തതിന്നുള്ള ശിക്ഷയെന്ന നിലക്കാകുന്നുവെന്നാണ് (കാഫിറായതുകൊണ്ടല്ല) ഇമാം മാലിക്, ശാഫിഇ എന്നിവരുടെ അഭിപ്രായം. ഇമാം അബൂ ഹനീഫയുടെ വീക്ഷണത്തിൽ അവനെ കൊല്ലാൻ പാടില്ല; മററെന്തെങ്കിലും ശിക്ഷയാകാമെന്നാകുന്നു.

ഈ വിഷയത്തിൽ ഇത്രയും അഭിപ്രായവ്യത്യാസങ്ങളുള്ള നിലക്ക് യാഥാർത്ഥ്യമെന്തെന്നറിയാൻ ഖുർആനും സുന്നത്തും അടിസ്ഥാനമാക്കി പഠനം നടത്തേണ്ടത് നമ്മുടെ ബാധ്യതയാണ്.

وَمَا اخْتَلَفْتُمْ فِيهِ مِنْ شَيْءٍ فَحُكْمُهُ إِلَى اللهِ

"നിങ്ങൾ അഭിപ്രായ വ്യത്യാസക്കാരായിട്ടുള്ളത് ഏതു കാര്യത്തിലാവട്ടെ അതിൽ തീർപ്പ് കൽപ്പിക്കാനുള്ള അവകാശം അല്ലാഹുവിന്നാകുന്നു." (ശൂറാ—10).

فَإِنْ تَنَازَعْتُمْ فِي شَيْءٍ، فَرُدُّوهُ إِلَى اللهِ وَالرَّسُولِ إِنْ كُنْتُمْ تُؤْمِنُونَ بِاللهِ وَالْيَوْمِ الْآخِرِ، ذَلِكَ خَيْرٌ وَأَحْسَنُ تَأْوِيلًا

[വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ

നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്) അതാണുത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും). — നിസാഅ് — 59.

ഈ ആയത്തുകളിൽ നിന്നും നാം മനസ്സിലാക്കേണ്ടത് അഭിപ്രായ വ്യത്യാസമുള്ള ഈ പ്രശ്നത്തിൽ ഖുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ തീരുമാനമെടുക്കണമെന്നാണ്. തങ്ങളുടെ അഭിപ്രായമാകുന്നു ശരിയെന്നായിരിക്കും ഓരോരുത്തരുടെയും വിശ്വാസം. ഒരാളുടെ അഭിപ്രായം അഭിപ്രായമെന്ന നിലക്ക് മറെറാരാളുടെ അഭിപ്രായത്തെക്കാൾ പരിഗണിക്കപ്പെടേണ്ടതാണെന്നു പറയുക സാദ്ധ്യമല്ല. അതിനാൽ തന്നെ ഒരാളുടെ അഭിപ്രായം മറെറാരാൾ സ്വീകരിച്ചു കൊള്ളണമെന്നുമില്ല. അപ്പോൾ പിന്നെ, ഖുർആനും സുന്നത്തും അവലംബിക്കുക മാത്രമാണ് പ്രശ്നപരിഹാരത്തിനുള്ള ഏക മാർഗ്ഗം. അവയാകട്ടെ, നമസ്കാരമുപേക്ഷിക്കുന്നവൻ സമുദായത്തിൽ നിന്നു പുറത്തു പോകത്തക്ക വിധം വലിയ കുഫ്ർ ഉള്ളവനാണെന്ന് മനസ്സിലാക്കിത്തരുന്നുമുണ്ട്.

## ഖുർആനിൽ നിന്നുള്ള തെളിവുകൾ

അല്ലാഹു പറഞ്ഞു:

فإنْ تَابُوا وأقامُوا الصَّلاةَ وآتوا الزَّكاةَ فإخوانُكُمْ في الدِّين

"എന്നാൽ, അവർ പശ്ചാത്തപിക്കുകയും, നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും, സകാത്ത് നൽകുകയും ചെയ്യുന്നപക്ഷം അവർ മതത്തിൽ നിങ്ങളുടെ സഹോദരങ്ങളാകുന്നു." — തൗബ—11.

فَخَلَفَ مِنْ بَعدهم خَلْفٌ أضاعُوا الصَّلاةَ واتَّبعوا الشهوَاتِ
فَسوفَ يلقونَ غيًا، إلاّ مَنْ تابَ وآمنَ وعَمِلَ صالحًا، فأولئكَ
يَدخُلُونَ الجَنَّةَ ولا يُظلَمُونَ شيئًا

"എന്നിട്ട് അവർക്കുശേഷം അവരുടെ സ്ഥാനത്ത് ഒരു പിൻതലമുറ വന്നു. അവർ നമസ്കാരം പാഴാക്കുകയും, തന്നിഷ്ടങ്ങളെ പിന്തുടരുകയും ചെയ്തു. തന്മൂലം ദുർമാർഗ്ഗത്തിന്റെ ഫലം അവർ കണ്ടെത്തുന്നതുമാണ്. എന്നാൽ പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്തവർ ഇതിൽ നിന്നൊഴിവാകുന്നു. അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. അവർ ഒട്ടും അനീതിക്ക് വിധേയരാവുകയില്ല." — മർയം. 59, 60.

സൂറത്തു തൗബയിലുള്ള മേൽപറഞ്ഞ ആയത്തിൽ നാമും മുശ്രിക്കുകളും തമ്മിൽ സാഹോദര്യം സ്ഥാപിതമാകണമെങ്കിൽ മൂന്നു നിബന്ധനകളുണ്ടെന്നു കാണാം.

ഒന്ന്: അവർ ശിർക്കിൽ നിന്നു പശ്ചാതപിച്ചു മടങ്ങുക.
രണ്ട്: നമസ്കാരം കൃത്യമായി നിർവ്വഹിക്കുക.
മൂന്ന്: സകാത്ത് നൽകുക.

അവർ ശിർക്കിൽ നിന്നും മടങ്ങിയാൽ തന്നെ നമസ്കാരം കൃത്യമായി നിർവഹിക്കുകയും സകാത്ത് നൽകുകയും കൂടി ചെയ്യില്ലെങ്കിൽ അവർ നമ്മുടെ സഹോദരങ്ങളാവുകയില്ല. നമസ്കാരം കൃത്യമായി നിർവ്വഹിച്ച് സകാത്ത് നൽകാതിരുന്നാലും അങ്ങനെത്തന്നെ.

രണ്ടാമതായി പറഞ്ഞ ആയത്തിൽ, — സൂറത്ത് മർയമിൽ — പശ്ചാത്തപിക്കുകയോ വിശ്വസിക്കുകയോ ചെയ്യാത്തവരും നമസ്കാരം പാഴാക്കുകയും ഇച്ഛകളെ പിൻതുടരുകയും ചെയ്യുന്നവരുമായ ആളുകളെക്കുറിച്ച്, അവർ വിശ്വാസമില്ലാത്തവരാണെന്നും അല്ലാഹു വ്യക്തമാക്കുന്നുണ്ട്. ഇതാണു നമുക്കുള്ള തെളിവുകൾ.

മതപരമായ സാഹോദര്യം ഇല്ലാതാവുക ഒരാൾ മതത്തിൽ നിന്നു പൂർണ്ണമായും പുറത്തു പോകുമ്പോൾ മാത്രമാണ്. അതിൽ താഴെയുള്ള പാപങ്ങളൊന്നും പ്രസ്തുത സാഹോദര്യം ഇല്ലാതാക്കാൻ കാരണമാവുകയില്ല.

പ്രതിക്രിയാരൂപത്തിലുള്ള വധത്തെപ്പററി അല്ലാഹു പറയുന്നത്.

فَمَنْ عُفِيَ لَهُ مِن أَخِيهِ شَيْءٌ فَاتِّبَاعٌ بِالْمَعْرُوفِ وَأَدَاءٌ إِلَيْهِ بِإِحْسَانٍ

ഇനി അവന്ന് (കൊലയാളിക്ക്) തന്റെ സഹോദരന്റെ പക്ഷത്ത് നിന്ന് വല്ല ഇളവും ലഭിക്കുകയാണെങ്കിൽ അവൻ മര്യാദ പാലിക്കുകയും നല്ല നിലയിൽ (നഷ്ടപരിഹാരം) കൊടുത്തു വീട്ടുകയും ചെയ്യേണ്ടതാകുന്നു."— അൽ ബഖറ— 178.

ഈ ആയത്തിൽ, മനഃപൂർവ്വം കൊലപാതകം നടത്തിയ ആളെക്കുറിച്ച് — അയാൾ ചെയ്ത പാപം വൻകുററങ്ങളിൽ പെട്ടതായിട്ടു പോലും — കൊല്ലപ്പെട്ടയാളുടെ <u>സഹോദരൻ</u> എന്നാണ് അല്ലാഹു വിശേഷിപ്പിച്ചിട്ടുള്ളത്. കരുതിക്കൂട്ടി ഒരാളെ കൊല്ലുന്നത് എത്രയോ വലിയ കുററമായിട്ടു കൂടി.

وَمَنْ يَقْتُلْ مُؤْمِنًا مُتَعَمِّدًا فَجَزَاؤُهُ جَهَنَّمُ خَالِدًا فِيهَا وَغَضِبَ اللهُ
عَلَيْهِ وَلَعَنَهُ وَأَعَدَّ لَهُ عَذَابًا عَظِيمًا

"ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനഃപൂർവ്വം കൊലപ്പെടുത്തുന്ന പക്ഷം അവന്നുള്ള പ്രതിഫലം നരകമാകുന്നു. അവനതിൽ നിത്യവാസിയായിരിക്കും. അവന്റെ നേരെ അല്ലാഹു കോപിക്കുകയും, അവനെ ശപിക്കുകയും ചെയ്തിരിക്കുന്നു. കനത്ത ശിക്ഷയാണ് അവന്നുവേണ്ടി അല്ലാഹു ഒരുക്കിവെച്ചിട്ടുള്ളത്." നിസാഅ്—93.

പരസ്പരം കലഹിക്കുന്ന രണ്ട് വിഭാഗം വിശ്വാസികളെക്കുറിച്ച് വിവരിച്ച് കൊണ്ട് അല്ലാഹു പറഞ്ഞത്.

إنما المؤمنون إخوة فأصلحوا بين أخويكم

"സത്യവിശ്വാസികൾ സഹോദരങ്ങൾ തന്നെയാകുന്നു. അതിനാൽ നിങ്ങളുടെ രണ്ട് സഹോദരങ്ങൾക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുക." — ഹുജറാത്ത്—10.

ഇവിടെയും. രഞ്ജിപ്പുണ്ടാക്കുന്ന വിഭാഗവും പരസ്പരം സംഘട്ടനം നടത്തുന്ന വിഭാഗവും തമ്മിൽ സാഹോദര്യബന്ധമുള്ളവരാണെന്നു തന്നെയാണ് അല്ലാഹു പറഞ്ഞത്. അതേ സമയത്തു തന്നെ, മുസ്ലിമിനെ ശകാരിക്കൽ തെമ്മാടിത്തവും അവനോടു യുദ്ധം ചെയ്യുന്നത് കുഫ്റു മാണെന്നു നബി(സ) പറഞ്ഞതായി ഇബ്നു മസ്ഊദിൽ നിന്നു ബുഖാരിയും മററും റിപ്പോർട്ട് ചെയ്ത സഹീഹായ ഹദീസിലുണ്ട്. എന്നാൽ മുസ്ലിം സമൂഹത്തിൽ നിന്ന് പുറത്താക്കിക്കളയുന്ന വിധത്തിലുള്ള ഒരു കുഫ്റ് അല്ല അത്. അങ്ങനെ ആയിരുന്നുവെങ്കിൽ വിശ്വാസപരമായ സാഹോദര്യം പിന്നെ അവശേഷിക്കുമായിരുന്നില്ല. എന്നാൽ, പരസ്പരം സംഘട്ടനത്തിലേർപ്പെടുമ്പോഴും പ്രസ്തുത സാഹോദര്യം നിലനിൽക്കുന്നുവെന്നാണ് ഈ ആയത്ത് സൂചിപ്പിക്കുന്നത്.

ഇതിൽ നിന്നും, മുസ്ലിം സമൂഹത്തിൽ നിന്നു പുറത്താക്കിക്കളയുന്ന കുഫ്ർ തന്നെയാണ് നമസ്കാരം ഉപേക്ഷിക്കൽ എന്നു മനസ്സിലാക്കാം. അത് കേവലം ഒരു ധിക്കാരമോ യഥാർത്ഥ കുഫ്റിനെക്കാൾ ചെറിയ ഒരിനം കുഫ്റോ മറേറാ ആയിരുന്നുവെങ്കിൽ — കൊലപാതകവും സംഘട്ടനവും കൊണ്ട് വിശ്വാസ സാഹോദര്യം നഷ്ടപ്പെടാത്തപോലെത്തന്നെ — ഇതു മൂലം ഇസ്ലാമിക സാഹോദര്യം നഷ്ടപ്പെടാതിരിക്കുമായിരുന്നു.

സൂറത്തുത്തൗബയിലെ ആയത്തിൻെറ ആശയമനുസരിച്ച്, സകാത്ത് നൽകാതിരിക്കൽ കുഫ്ർ ആയി നിങ്ങൾ മനസ്സിലാക്കുന്നുണ്ടോയെന്നു ആരെങ്കിലും ചോദിച്ചാൽ നമുക്ക് പറയാനുള്ളത് ഇപ്രകാരമായിരിക്കും — സകാത്ത് നൽകാതിരിക്കൽ കുഫ്ർ ആണെന്നു പണ്ഡിതന്മാരിൽ ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇമാം അഹ്മദ്ബിൻ ഹമ്പലിൽ നിന്നുള്ള രണ്ട് റിപ്പോർട്ടുകളിൽ ഒന്നാണിത്. എന്നാൽ എൻെറ ബലമായ അഭിപ്രായം സകാത്ത് നൽകാതിരിക്കുക മൂലം അവൻ കാഫിറാവുകയില്ലെന്നും, എന്നാൽ അല്ലാഹുവും റസൂലും പറഞ്ഞതുപോലെ അത്യന്തം കനത്ത ശിക്ഷ അവന്നു ലഭിക്കുമെന്നുമാകുന്നു. അബുഹുറയ്റ ഉദ്ധരിച്ച ഒരു ഹദീസ് ഇതിന്നു തെളിവാണ്. "നബി(സ) സകാത്ത് തടയുന്നവൻെറ ശിക്ഷയെക്കുറിച്ച് പറഞ്ഞു. അതിൻെറ അവസാനം ഇപ്രകാരമാണ്. "... പിന്നീടവൻ അവൻെറ വഴി കാണും. ഒന്നുകിൽ സ്വർഗ്ഗത്തിലേക്ക്. അല്ലെങ്കിൽ നരകത്തിലേക്ക്" (മുസ്ലിം). സകാത്ത് നൽകാത്ത ഒരാൾ കാഫിറാവുകയില്ലെന്നതിനുള്ള തെളിവാണി ഹദീസ്. എന്തെന്നാൽ, കാഫിറാകുമായിരുന്നുവെങ്കിൽ അവന്നു പിന്നീട് സ്വർഗ്ഗത്തിലേക്ക് വഴിയുണ്ടാകുമായിരുന്നില്ലല്ലോ?

## സുന്നത്തിൽ നിന്നുള്ള തെളിവുകൾ

(1) നബി(സ) പറഞ്ഞു: ഒരു മുസ്ലിമിൻെറയും ശിർക്കിൻെറയും കുഫ്റിൻെറയും ഇടക്കുള്ള വ്യത്യാസം നമസ്കാരം ഉപേക്ഷിക്കലാകുന്നു. (മുസ്ലിം)

(2) ബുറൈദത്ത് ബ്നുൽ ഹസ്വീബ്(റ)വിൽ നിന്നു നിവേദനം: നബി(സ) പറഞ്ഞു: നാമും അവരും തമ്മിലുള്ള കരാർ നമസ്കാരമാകുന്നു. അതാരെങ്കി ലുമുപേക്ഷിച്ചാൽ അവൻ കാഫിറായി. (അഹ്മദ്, അബൂദാവൂദ്, നസാഈ, ഇബ്നുമാജ). ഇവിടെ, കുഫ്ർ എന്നു പറഞ്ഞത്, മുസ്ലിം സമൂഹത്തിൽ നിന്നു പുറത്താക്കിക്കളയുന്ന വിധത്തിലുള്ള കുഫ്ർ ആകുന്നു വിശ്വാസികളും കാഫിറുകളും തമ്മിലുള്ള വ്യത്യാസമായി നബി (സ) ചൂണ്ടിക്കാട്ടിത്തന്നത് നമസ്കാരമാണ്. കാഫിറുകളുടെ സമൂഹം മുസ്ലിം സമൂഹമല്ലെന്നത് വ്യക്തമാണല്ലോ. നമസ്കാരമെന്ന കരാർ നിറവേററിയിട്ടില്ലാത്തവൻ കാഫിറുകളുടെ കൂട്ടത്തിൽ തന്നെയാണ്.

(3) സഹീഹ് മുസ്ലിമിൽ ഔഫ് ബിൻ മാലിക്(റ)ൽ നിന്നു റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ ഇങ്ങനെ കാണാം. നബി(സ) പറഞ്ഞു: "നിങ്ങളുടെ ഭരണാധികാരികളിൽ ഏററവും ഉത്തമന്മാർ, നിങ്ങളിഷ്ടപ്പെടുകയും നിങ്ങളെയിഷ്ടപ്പെടുകയും ചെയ്യുന്നവരാണ്. അവർ നിങ്ങൾക്ക് വേണ്ടിയും നിങ്ങൾ അവർക്കുവേണ്ടിയും പ്രാർത്ഥിക്കുകയും ചെയ്യും. നിങ്ങളുടെ ഭരണാധികാരികളിൽ ഏററവും ദുഷ്ടന്മാർ, നിങ്ങൾ വെറുക്കുന്നവരും നിങ്ങളെ വെറുക്കുന്നവരുമാകുന്നു. നിങ്ങളവരെയും അവർ നിങ്ങളെയും ശപിക്കുകയും ചെയ്യും." കേട്ടവർ ചോദിച്ചു: "പ്രവാചകരേ! അവരോട് ഞങ്ങൾക്ക് വാളെടുത്ത് ഏററുമുട്ടിക്കൂടെ? നബി(സ) പറഞ്ഞു: പാടില്ല. അവർ നിങ്ങൾക്കിടയിൽ നമസ്കാരം നിലനിർത്തിപ്പോരുന്ന കാലത്തോളം."

ഈ ഹദീസിൽ, ഭരണാധികാരികൾ നമസ്കാരം നിലനിർത്തുന്നില്ലെങ്കിൽ അവരോട് നിസ്സഹകരിക്കാനും ആയുധമെടുത്തേററുമുട്ടാനും ന്യായമുണ്ടെന്നു വ്യക്തമാണ്. വളരെ വ്യക്തമായ കുഫ്ർ പ്രകടിപ്പിച്ചാലല്ലാതെ ഭരണാധികാരികളെ എതിർക്കാനും അവരോട് ഏററുമുട്ടാനും പാടില്ലാത്തതാകുന്നു. ഉബാദത്ത് ബിൻസ്വാമിത് (റ)ൽ നിന്നുള്ള ഒരു റിപ്പോർട്ടിൽ ഇങ്ങനെ കാണാം. — റസൂൽ(സ) ഞങ്ങളോട് ആവശ്യ പ്പെട്ടതനുസരിച്ച് ഞങ്ങൾ അദ്ദേഹത്തിന്നു ബൈഅത്ത് (അനുസരണ പ്രതിജ്ഞ) ചെയ്തു. അപ്പോൾ ഞങ്ങളുടെ മുമ്പിൽ നബി(സ) വെച്ച വ്യവസ്ഥകളിൽ താഴെ പറയുന്നവയും ഉണ്ടായിരുന്നു. ഞങ്ങൾ കേൾക്കും അനുസരിക്കും. അതു ഞങ്ങൾക്ക് സന്തോഷമോ വെറുപ്പോ പ്രയാസമോ എളുപ്പമോ എതായിരുന്നാലും ശരി, ഞങ്ങൾ ഭരണാധികാരികളെ അനുസരിക്കും. അവരെ എതിർക്കുകയില്ല നബി(സ) പറഞ്ഞു: അല്ലാഹു വ്യക്തമാക്കിയ തരത്തിലുള്ള സ്പഷ്ടമായ കുഫ്ർ അവർ പ്രകടിപ്പിച്ചെങ്കിലല്ലാതെ. (ബുഖാരി, മുസ്ലിം)

ഇതിൽ നിന്നും, അല്ലാഹു നമുക്ക് വ്യക്തമാക്കിത്തന്നവിധമുള്ള പ്രകടമായ കുഫ്ർ അവർ പ്രവർത്തിച്ചാൽ അവരെ എതിർക്കുകയും അവരോട്

ഏററുമുട്ടുകയും ചെയ്യാമെന്നു പറഞ്ഞതിൽ നമസ്കാരമുപേക്ഷിക്കലും ഉൾപ്പെടുമെന്നത് വ്യക്തമാണ്. കൂടാതെ നമസ്കാരം ഉപേക്ഷിക്കുന്നയാൾ കാഫിറല്ലെന്നു — അഥവാ സത്യവിശ്വാസിയാണെന്ന് — ഖുർആനിലോ സുന്നത്തിലോ പറഞ്ഞിട്ടുമില്ല. ആകെക്കൂടി പരാമർശിച്ചിട്ടുള്ളത് തൗഹീദിൻെറ — ലാഇലാഹ ഇല്ലല്ലാഹ് മുഹ്മദുൻ റസൂലുല്ലാഹ് എന്ന വാക്യത്തിൻെറ മഹത്വവും അതിൻെറ പ്രതിഫലവും സൂചിപ്പിക്കുന്ന ചില വചനങ്ങൾ മാത്രമാകുന്നു. അതായത് ശഹാദത്ത് കലിമ അംഗീകരിച്ചുച്ചരിച്ചവരെല്ലാം സ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്ന ഹദീസുണ്ട്. ഇതിൻെറ താല്പര്യത്തിൽ തൗഹീദ് അംഗീകരിച്ച — ശഹാദത്ത് കലിമ പ്രഖ്യാപിച്ചവൻ, അവൻ നമസ്കാരമുപേക്ഷിച്ചാൽ പോലും സ്വർഗ്ഗത്തിലെത്തുമല്ലോ? നമസ്കാരം ഉപേക്ഷിച്ചതുകൊണ്ട് അവൻ കാഫിറായിട്ടില്ലെന്നതിന്നു ഇതൊരു തെളിവല്ലേ? ഇതാണ് സംശയം.

നേരത്തെ പറഞ്ഞ ഹദീസുകളുമായി ഇതിന്നു വൈരുദ്ധ്യം വരാത്ത വിധം മൂന്നു തരത്തിൽ ഈ ഹദീസ് വ്യാഖ്യാനിക്കാവുന്നതാണ്. എന്നാൽ ആ സംശയം ദൂരീകരിക്കപ്പെടും.

(ഒന്ന്) ഈ ഹദീസിൽ പറഞ്ഞത് (തൗഹീദുള്ളവൻ സ്വർഗ്ഗത്തിലെത്തുമെന്നത്) നമസ്കാരം ഒഴിവാക്കാതിരിക്കുകയെന്ന നിബന്ധനയോടെയായിരിക്കണം.

(രണ്ട്) അല്ലെങ്കിൽ അത് നമസ്കാരം നിർവ്വഹിക്കാൻ ഒരു നിലക്കും സാധിക്കാത്ത ചില പ്രത്യേക സാഹചര്യത്തിൽ മാത്രമായിരിക്കും.

(മൂന്ന്) ഈ ഹദീസിലുള്ളത് സാമാന്യമായ പ്രയോഗവും ( عام ) നമസ്കാരമുപേക്ഷിക്കൽ കുഫ്ർ ആണെന്ന ഹദീസുകൾ പ്രത്യേകമായ പ്രയോഗവും ( خاصة ) ആകുന്നു.

സാമാന്യപ്രയോഗത്തിൻെറ വ്യാപകമായ ആശയത്തെക്കാൾ പ്രാധാന്യപൂർവ്വം അംഗീകരിക്കേണ്ടത് പ്രത്യേക പ്രയോഗത്തിൻെറ കൃത്യമായ അർത്ഥം തന്നെയാണ്. ഇതിന്നു പുറമെ ഇങ്ങനെയുമൊരു സംശയമുന്നയിച്ചേക്കാം. നമസ്കാരമുപേക്ഷിക്കുന്നവൻ കാഫിറാണെന്നു കാണിക്കുന്ന ഹദീസുകളുടെ വിവക്ഷ, നമസ്കാരം നിർബന്ധമാണെന്ന കാര്യം നിഷേധിച്ചുകൊണ്ട് അതുപേക്ഷിക്കുന്നവനെ സംബന്ധിച്ചാകാമല്ലോ? എന്നാൽ, രണ്ട് കാരണങ്ങളാൽ അങ്ങനെയായിരിക്കാൻ തരമില്ല. (ഒന്ന്) നമസ്കാരമുപേക്ഷിച്ചാൽ കാഫിറാകുമെന്നാണ് മതവിധി. നിഷേധിക്കുകയും കൂടി വേണമെന്ന് പറഞ്ഞിട്ടില്ല. നമസ്കാരം നിർബന്ധമാണെന്ന് അംഗീകരിക്കുകയല്ല, നമസ്കാരം കൃത്യമായി നിർവ്വഹിക്കലാണ്. ഇസ്ലാമിക സാഹോദര്യം സ്ഥാപിതമാകാനുള്ള നിബന്ധനയായി നേരത്തെ ഉദ്ധരിച്ച ആയത്തിൽ പറഞ്ഞിട്ടുള്ളത്. "അവർ പശ്ചാത്തപിക്കുകയും നമസ്കാരം നിലനിർത്തുകയും ചെയ്താൽ എന്നാണ് ഖുർആൻ പറഞ്ഞിട്ടുള്ളത്. അല്ലാതെ "പശ്ചാത്തപിക്കുകയും നമസ്കാരം നിർബന്ധമാ

ണെന്നു അംഗീകരിക്കുകയും ചെയ്താൽ" എന്നു പറഞ്ഞിട്ടില്ല. അപ്രകാരം തന്നെ കുഫ്റിലേക്കെത്താൻ ഒരു മനുഷ്യനുള്ള തടസ്സം നമസ്കാരം നിർബന്ധമാണെന്ന കാര്യം നിഷേധിക്കലാകുന്നുവെന്നല്ല മറിച്ച്, നമസ്കാരം ഉപേക്ഷിക്കലാകുന്നുവെന്നാണ് നബി(സ) പറഞ്ഞിട്ടുള്ളത്. കാഫിറുകളും നാമും തമ്മിലുള്ള വ്യത്യാസം നമസ്കാരം നിർബന്ധമാണെന്ന് അംഗീകരിക്കലാകുന്നുവെന്നല്ല, മറിച്ച് നമസ്കാരം അനുഷ്ഠിക്കലാകുന്നുവെന്നാണ് നബി(സ) പഠിപ്പിച്ചിട്ടുള്ളത്.

ഇപ്പറഞ്ഞ ആയത്തുകളും ഹദീസുകളും അർത്ഥമാക്കുന്നത് മേൽ സൂചിപ്പിച്ച ചോദ്യത്തിൽ ചൂണ്ടിക്കാട്ടിയതുപോലെ — നേർക്കു നേരെയുള്ള അർത്ഥമല്ല എന്നുവെച്ചാൽ അതു ഖുർആനിന്റെ സുവ്യക്തമായ പ്രതിപാദനമെന്ന ഗുണത്തിന്നെതിരായിത്തീരും. ഖുർആൻ വളരെ വ്യക്തവും വിശദവുമായ പ്രതിപാദന ശൈലിയിലാണുള്ളത്.

അല്ലാഹു നബിയെ അഭിസംബോധന ചെയ്തു പറയുന്നു:

ونزّلنا عليكَ الكتابَ تِبيانًا لِكُلِّ شيءٍ

"എല്ലാ കാര്യങ്ങൾക്കും വ്യക്തമായ വിവരണവുമായി ഈ ഗ്രന്ഥം നാം നിങ്ങൾക്ക് ഇറക്കിത്തന്നു." — സൂറത്തുന്നഹ്ൽ. 89

وأنزلنا إليكَ الذِّكرَ لتُبيِّنَ للنّاسِ ما نُزِّلَ إليهم

"ഈ ഉദ്ബോധനം നാം നിങ്ങൾക്കിറക്കിത്തന്നത്, ജനങ്ങൾക്ക് വേണ്ടി നാം അവതരിപ്പിച്ചതിനെ അവർക്ക് വ്യക്തമായി വിശദീകരിച്ചു കൊടുക്കാൻ വേണ്ടിയാകുന്നു."

— സൂറത്തുന്നഹ്ൽ. 44

രണ്ട്: അഞ്ചു നേരത്തെ നമസ്കാരം നിർബന്ധമാണെന്ന കാര്യം നിഷേധിച്ചാൽ തന്നെ ഒരാൾ കാഫിറാകാൻ അതു മതി. നമസ്കാരം നിർവ്വഹിച്ചാലും ഇല്ലെങ്കിലും ശരി. നമസ്കാരം നിർബന്ധമാണെന്ന നിയമം അറിഞ്ഞിട്ടില്ലാത്തവൻ മാത്രമേ ഇതിൽ നിന്നൊഴിവാവുകയുള്ളൂ. അതിനാൽ, ഒരു മനുഷ്യൻ അഞ്ചു നേരത്തെ നമസ്കാരങ്ങളും — അതിന്റെ ശർത്തും ഫർളും സുന്നത്തുമെല്ലാം കൃത്യമായി നിർവ്വഹിച്ചുകൊണ്ട് — അനുഷ്ഠിക്കുകയും അതോടൊപ്പം നമസ്കാരം നിർബന്ധമാണെന്ന കാര്യം നിഷേധിക്കുകയും ചെയ്താൽ, നമസ്കാരം ഉപേക്ഷിച്ചിട്ടില്ലാത്ത അയാളും കാഫിറായിത്തീരും.

ആകയാൽ നേരത്തെ സൂചിപ്പിച്ച വചനങ്ങളൊന്നും നമസ്കാരത്തിന്റെ നിർബന്ധത്തെ നിഷേധിച്ചുകൊണ്ട് അതുപേക്ഷിക്കുന്നവരെ സംബന്ധിച്ചാണെന്നു വിചാരിക്കാൻ യാതൊരു ന്യായവുമില്ല. യഥാർത്ഥത്തിൽ, നമസ്കാരമുപേക്ഷിക്കുന്നവൻ മുസ്ലിം സമൂഹത്തിൽ നിന്ന് പുറത്തു പോകത്തക്കവിധം കാഫിറായിത്തീരും. ഉബാദത്ത് ബിൻസ്വാമിത്ത്(റ) നിന്ന്

ഇബ്നു അബീ ഹാതിം തൻെറ സ്വഹീഹിൽ ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. നബി(സ) ഞങ്ങളെ ഉപദേശിച്ചു: നിങ്ങൾ അല്ലാഹുവിൽ യാതൊന്നിനെയും പങ്കു ചേർക്കരുത്. മനഃപൂർവ്വം നമസ്കാരം ഉപേക്ഷിക്കരുത്. മനഃപൂർവ്വം ആരെങ്കിലും നമസ്കാരമുപേക്ഷിച്ചാൽ അവൻ സമുദായത്തിൽ നിന്നു പുറത്തുപോകും" മാത്രവുമല്ല, നമസ്കാരം നിർബന്ധമാണെന്ന കാര്യം നിഷേധിച്ചുകൊണ്ട് ഉപേക്ഷിച്ചാൽ കാഫിറാകുമെന്നാണർത്ഥമെങ്കിൽ അതു നമസ്കാരത്തിൻെറ കാര്യത്തിൽ മാത്രം പരിമിതപ്പെടുത്തുന്നതിൽ യാതൊരു ന്യായവുമില്ല. സകാത്തിനും നോമ്പിനും ഹജ്ജിനുമെല്ലാം ഇത് ബാധകമാകും. ഇവയേതെങ്കിലും നിർബന്ധമാണെന്ന വസ്തുത ആരെങ്കിലും നിഷേധിച്ചാൽ അവൻ കാഫിറാകും. ഈ നിർബന്ധത്തെകുറിച്ച് അറിവില്ലാത്തവൻ മാത്രമേ അതിൽ ഒഴിവാകുകയുള്ളൂ. ഇതിനെല്ലാം പുറമെ, നമസ്കാരമുപേക്ഷിക്കുന്നവൻ കാഫിറാണെന്നു ബുദ്ധിപരമായിത്തന്നെ മനസ്സിലാക്കാൻ കഴിയും.

മതത്തിൻെറ നെടുംതൂണായ നമസ്കാരം ഉപേക്ഷിക്കുന്ന ഒരു വ്യക്തിയിൽ എങ്ങനെയാണ് ഈമാൻ അവശേഷിക്കുക. അതു നിർവഹിക്കാനുള്ള പ്രേരണകളും ഉപേക്ഷിച്ചാലുള്ള ശിക്ഷകളെക്കുറിച്ച താക്കീതുകളും വ്യക്തമായിത്തന്നെ വന്നിട്ടുണ്ട്. ബുദ്ധിയുള്ള മനുഷ്യൻ നമസ്കാരമുപേക്ഷിക്കാതിരിക്കാൻ അവ തന്നെ മതി. എന്നിട്ടും നമസ്കാരമുപേക്ഷിക്കുന്നുവെങ്കിൽ അവനിൽ ഈമാൻ — വിശ്വാസം — ഇല്ലെന്നു പറയേണ്ടതില്ല.

ഇതു പറയുമ്പോൾ മറെറാരു ചോദ്യമുയർന്നേക്കാം. നമസ്കാരമുപേക്ഷിക്കുന്നവനിലുള്ള കുഫ്ർ (നിഷേധം) കൊണ്ടുള്ള ഉദ്ദേശ്യം <u>അല്ലാഹുവിൻെറ അനുഗ്രഹത്തെ നിഷേധിക്കുക</u> എന്ന കുഫ്ർ ആയിക്കൂടേ? അതു സമുദായത്തിൽ നിന്നു പുറത്തുപോകും വിധമുള്ള കുഫ്ർ ആകണമെന്നില്ലല്ലോ? അല്ലെങ്കിൽ, ഒരാൾ തൻെറ പൈതൃകം (കുടുംബപരമ്പര) നിഷേധിക്കുക, മയ്യിത്തിൻെറ പേരിൽ അട്ടഹസിച്ചു കരയുക, മുസ്ലിമിനോട് സംഘട്ടനം നടത്തുക തുടങ്ങിയ കാര്യങ്ങൾ കുഫ്ർ ആണെന്നു നബി പറഞ്ഞതുപോലെ, സാക്ഷാൽ കുഫ്റിന്നു താഴെ വരുന്ന ഒരു തരം കുഫ്ർ ആയിക്കൂടെ ഈ നമസ്കാരമുപേക്ഷിക്കലും?

മറുപടി: ഇത്തരം ചിന്തക്കും താരതമ്യത്തിന്നും പല കാരണങ്ങളാൽ ഇവിടെ സാധ്യതയില്ല. ഒന്ന്: വിശ്വാസികൾക്കും അവിശ്വാസികൾക്കുമിടയിലുള്ള പ്രധാനപ്പെട്ട വ്യത്യാസം പ്രകടമാക്കുന്ന അതിർത്തി നമസ്കാരമാണെന്നു നബി(സ) വ്യക്തമാക്കിയിട്ടുണ്ട്. വിശ്വാസവും അവിശ്വാസവും രണ്ട് വ്യത്യസ്ത കാര്യങ്ങളായിരിക്കേ, ഒന്നു മറെറാന്നിൽ ഉൾപ്പെടുത്തുക സാധ്യമല്ല. നമസ്കാരമെന്ന അതിർത്തിക്കപ്പുറമുള്ളത് ദീനിൻെറ പുറത്തു തന്നെയായിരിക്കും.

രണ്ട്: നമസ്കാരം ഇസ്ലാമിൻെറ സ്തംഭങ്ങളിൽ ഒന്നത്രെ. അതിനാൽ അതുപേക്ഷിക്കുന്നവനെ കുഫ്ർ കൊണ്ട് വിശേഷിപ്പിച്ചതിൽ നിന്നു മനസ്സിലാകുന്നത്, അതു സമുദായത്തിൽ നിന്നു പുറത്തു പോകത്തക്കവിധമുള്ള കുഫ്ർ ആണെന്നു തന്നെയാണ്.

മൂന്ന്: നമസ്കാരമുപേക്ഷിക്കുന്നവൻ സമുദായത്തിൽ നിന്നു പുറത്തു പോകും വിധമുള്ള കുഫ്ർ ഉൾക്കൊണ്ടവനാണെന്നു വ്യക്തമാകുന്ന വചനങ്ങൾ വേറെയുമുണ്ട്. ഈ വിഷയത്തിൽ വന്ന രേഖകൾ തമ്മിൽ വൈരുദ്ധ്യം വരാതിരി ക്കണമെങ്കിൽ കുഫ്റിനെ യഥാർത്ഥ അർത്ഥത്തിൽ തന്നെ മനസ്സിലാക്കൽ നിർബന്ധമാകുന്നു.

നാല്: കുഫ്ർ എന്ന പദത്തിന്നു പല അർത്ഥങ്ങളുമുണ്ട്. ഒരാളുടെയും. ശിർക്ക്—കുഫ്റിൻെറയും ഇടയിലുള്ള വ്യത്യാസം നമസ്കാരം ഉപേക്ഷിക്കലാണ്.

بَيْنَ الرَّجلِ وبَيْنَ الشِّرْكِ والكفرترك الصلاة

എന്ന പ്രയോഗത്തിൽ 'അൽ കുഫ്ർ' എന്ന വാക്ക് 'അൽ' എന്ന അവ്യയം ചേർന്നതിനാൽ ആ വാക്കിൻെറ യഥാർത്ഥ അർത്ഥം തന്നെയാണുദ്ദേശിക്കുന്നതെന്നു മനസ്സിലാക്കാം. എന്നാൽ 'അൽ' ചേരാത്തവിധം 'കുഫ്ർ' എന്നു മാത്രമോ 'കഫറ' എന്ന ക്രിയാരൂപത്തിലോ ആയിരുന്നു പ്രയോഗമെങ്കിൽ ആ പ്രവർത്തിയിൽ കുഫ്ർ (നിഷേധം) ഉണ്ടെന്നല്ലാതെ ഇസ്‌ലാമിൽ നിന്നു പുറത്തുപോകുന്ന വിധമുള്ള കുഫ്ർ ആകുന്നില്ല എന്നു മനസ്സിലാക്കാമായിരുന്നു. പക്ഷെ ഇവിടെയുള്ള പ്രയോഗം യഥാർത്ഥ കുഫ്ർ എന്ന അർത്ഥമുള്ള അൽ കുഫ്ർ എന്നാകുന്നു.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റ) തൻെറ ഇഖ്തിളാഉ സ്വിറാത്തിൽ മുസ്തഖീം എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു: നബി(സ) പറഞ്ഞു: "ജനങ്ങളിൽ രണ്ട് കൂട്ടരിൽ കുഫ്ർ ഉണ്ട്." ഈ പ്രയോഗത്തിൽ കുഫ്ർ എന്നു മാത്രമാണുള്ളത്. അതിൽ നിന്നും ആ പ്രവർത്തനവും കുഫ്റിൻെറ പ്രവർത്തനമാണെന്നല്ലാതെ അതു പ്രവർത്തിച്ചവൻ ഇസ്‌ലാമിൽ നിന്നു പുറത്തു പോകും വിധം കാഫിറാണെന്നു വരുന്നില്ല. ഇപ്രകാരം തന്നെ ഈമാനിൻെറ ശാഖകളിലേതെങ്കിലുമൊന്നു പ്രവർ ത്തിച്ചവൻ — അടിസ്ഥാനപരമായി അവന്നു ഈമാനില്ലെങ്കിൽ — മുഅ്മിനാവുകയില്ല.

(അൽ) എന്ന് ചേർത്ത് (—മഅ്രിഫയായി)— പറഞ്ഞ അൽ കുഫ്ർ എന്ന വാക്കും, അൽ എന്നു ചേർക്കാതെ (നകിറയായി) പറഞ്ഞ കുഫ്ർ എന്ന വാക്കും തമ്മിൽ അർത്ഥത്തിൽ വ്യത്യാസമുണ്ട്. ഇവിടെ

ليس بينَ العبدِ وبينَ الكُفرِ، أو الشركِ إلا تركُ الصَّلاةِ

(ഒരു അടിമയുടെയും ശിർക്ക് കുഫ്ർ എന്നിവയുടേയും ഇടയിലുള്ള വ്യത്യാസം നമസ്കാരമുപേക്ഷിക്കലല്ലാതെ മററൊന്നുമല്ല) എന്ന ഹദീസിൽ അൽകുഫ്ർ (യഥാർത്ഥ കുഫ്ർ) (എന്നു തന്നെയാണ് പ്രയോഗം — (പേജ് — 70).

ശറഇയ്യായ കാരണമില്ലാതെ നമസ്കാരം ഒഴിവാക്കുന്നവൻ സമുദായത്തിൽ നിന്നു പുറത്തുപോകും വിധമുള്ള കുഫ്ർ ഉള്ളവനാണെന്നു

മേൽ കാണിച്ച തെളിവുകളിൽ നിന്നു മനസ്സിലാക്കാം. ഇത് തന്നെയാണ് ഇമാം അഹ്മദ്ബിൻ ഹൻബൽ പറഞ്ഞിട്ടുള്ളത്. ഇമാം ശാഫിഇയുടെ രണ്ടഭിപ്രായങ്ങളിൽ ഒന്നും ഇതാകുന്നു. സൂറത്ത് മർയമിലെ

فَخَلَفَ مِنْ بَعْدِهِمْ خَلْفٌ أَضَاعُوا الصَّلَاةَ وَاتَّبَعُوا الشَّهَوَاتِ

എന്ന ആയത്തിൻെറ വ്യാഖ്യാനത്തിൽ ഇബ്നു കസീർ ഇക്കാര്യം പ്രസ്താവി ച്ചിട്ടുണ്ട്. ശാഫിഈ മദ്ഹബിലെ രണ്ട് വീക്ഷണങ്ങളിൽ ഒന്നു അങ്ങനെയാണെന്നും, ശാഫിഈ ഇമാമിൽ നിന്നു ഇമാം ത്വഹാവി ആ വീക്ഷണം ഉദ്ധരിച്ചിട്ടുണ്ടെന്നും ഇബ്നുൽ ഖയ്യിം "കിതാബുസ്സ്വലാത്തി"ൽ പറഞ്ഞിട്ടുണ്ട്. സ്വഹാബികളിൽ ഭൂരി പക്ഷവും ഈ അഭിപ്രായക്കാരാകുന്നു. മാത്രമല്ല, ഈ വിഷയത്തിൽ അവർക്ക് ഇജ്മാഅ് (ഏകാഭിപ്രായം) കൂടിയുണ്ടെന്ന് പലരും രേഖപ്പെടുത്തിയിട്ടുണ്ട്.

അബ്ദുല്ലാഹിബ്നു ശഖീഖ് പറഞ്ഞു: നമസ്കാരമൊഴിച്ചുള്ള ഒരു പ്രവർത്തനമുപേക്ഷിക്കുന്നതും കുഫ്റായി നബിയുടെ സഹാബത്ത് കണ്ടിരുന്നില്ല. (തിർമിദി — ഹാക്കിം.)

സുപ്രസിദ്ധ പണ്ഡിതൻ ഇസ്ഹാഖ് ബിൻ റാഹവൈഹി പറഞ്ഞു: നമസ്കാര മുപേക്ഷിക്കുന്നവൻ കാഫിറാണെന്നു നബി(സ)യിൽ നിന്നു സഹീഹായി വന്നിരിക്കുന്നു. ഒരാൾ മനഃപൂർവ്വം നമസ്കാരമുപേക്ഷിക്കുകയും നമസ്കാര സമയം കഴിഞ്ഞു പോവുകയും ചെയ്താൽ അയാൾ കാഫിറാണെന്നു തന്നെയാണ് നബി(സ) യുടെ കാലം മുതൽ ഇന്നു വരെയുള്ള പണ്ഡിതന്മാരുടെ അഭിപ്രായം.

ഉമർ, അബ്ദുറഹ്മാൻ ബിൻ ഔഫ്, മുആദ്ബിൻ ജബൽ, അബൂഹുറൈറ(റ) തുടങ്ങിയ പല സ്വഹാബികളിൽ നിന്നും ഇങ്ങനെ ഉദ്ധരിക്കപ്പെട്ടിട്ടുണ്ടെന്നും ഈ വിഷയത്തിൽ ഇവരോട് എതിരഭിപ്രായമുള്ള ഒരാളെയും സഹാബികളിൽ ഞങ്ങളറിയില്ലെന്നും ഇബ്നു ഹസം (റ) പറയുന്നു.

'അത്തർഗീബു വത്തർഹീബ്' എന്ന ഗ്രന്ഥത്തിൽ മുൻദിരി ഇതുദ്ധരിക്കുകയും സഹാബികളായ അബ്ദുല്ലാഹിബ്ൻ മസ്ഊദ്, അബ്ദുല്ലാഹിബ്ൻ അബ്ബാസ്, ജാബിർ ബിൻ അബ്ദില്ല, അബൂദർദാഅ്(റ) എന്നിവർക്ക് കൂടി ഈ അഭിപ്രായമാണുള്ളതെന്നു വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു. കൂടാതെ സഹാബിമാരല്ലാത്ത അഹമദ്ബിൻ ഹമ്പൽ, ഇസ്ഹാഖ് ബ്ൻ റാഹവൈഹി, അബ്ദുല്ലാഹി ബ്നുൽ മുബാറക്, നഖഈ, ഹകമുബ്നു ഉതൈബ, അയ്യൂബ്സ്സഖ്തിയാനി, അബൂദാവൂദ് ത്ത്വയാലസി, അബൂ ബകറുബ്ൻ അബീശൈബ, സുഹൈറുബ്ൻ ഹർബ്(റ) തുടങ്ങിയ പ്രമുഖരും ഈ അഭിപ്രായക്കാരാണെന്നും അദ്ദേഹം എടുത്തു പറഞ്ഞിരിക്കുന്നു.

ഇവിടെ ഒരു ചോദ്യമുൽഭവിക്കാം. നമസ്കാരമുപേക്ഷിക്കുന്നവൻ കാഫിറാവില്ലെന്നു അഭിപ്രായമുള്ളവർ ഉന്നയിക്കുന്ന തെളിവുകൾക്കെന്തു

മറുപടിയാണ് നൽകുക?

മറുപടി: അവരുടെ തെളിവുകളിലൊന്നും തന്നെ നമസ്കാരമുപേക്ഷിക്കുന്നവൻ കാഫിറാവുകയില്ല. വിശ്വാസി തന്നെയാണ്, അവൻ നരകത്തിൽ പ്രവേശിക്കില്ല, സ്വർഗ്ഗത്തിൽ പ്രവേശിക്കും എന്നൊന്നും പറഞ്ഞിട്ടില്ല. അവരുടെ തെളിവുകൾ പരിശോധിച്ചാൽ അവയൊന്നും നമസ്കരിക്കാത്തവൻ കാഫിറാണെന്നു പറയുന്നവരുടെ തെളിവുകൾക്ക് വിരുദ്ധമാവില്ലെന്നു മനസ്സിലാക്കാം. അവരുടെ വാദങ്ങൾക്ക് അഞ്ച് രൂപത്തിൽ മറുപടിയുണ്ട്.

ഒന്ന്: അവർ ഉദ്ധരിച്ച ഹദീസുകൾ വ്യക്തവും ദുർബലവുമായ വിധത്തിലുള്ളവയാണ്. അതിനാൽ അവയുദ്ധരിക്കുന്നതുകൊണ്ടൊരു കാര്യവുമില്ല.

രണ്ട്: അവരുടെ തെളിവുകൾ പലതും ഈ വിഷയത്തിലുള്ള തെളിവുകളല്ല. ഉദാഹരണത്തിന്നു, അവർ തെളിവ് പറയുന്ന ഒരു ആയത്ത് ഇതാണ്.

إنَّ الله لا يَغْفِرُ أنْ يُشْرَكَ بِهِ وَيَغْفِرُ ما دُونَ ذَلِكَ لِمَنْ يَشَاءُ

"തീർച്ചയായും അല്ലാഹു തന്നിൽ പങ്കുചേർക്കുന്നത് പൊറുക്കുകയില്ല. <u>അതിനെക്കാൾ ചെറിയവ അവൻ</u> ഇച്ഛിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കും." ഇവിടെ 'മാദൂന ദാലിക്ക' എന്നതിന്റെ അർത്ഥം <u>"അതല്ലാത്തവയെല്ലാം"</u> എന്നല്ല. കാരണം, അല്ലാഹുവും റസൂലും പറഞ്ഞ കാര്യങ്ങളെ ആരെങ്കിലും കളവാക്കിയാൽ അവൻ കാഫിർ ആകുന്നു. അവന്റെ കുഫ്ർ പൊറുക്കപ്പെടാത്ത കുററമാണ്. എന്നാൽ ആ കുററം ശിർക്ക് അല്ലതാനും. ഇനി മാദൂനദാലിക്ക എന്നതിന്നർത്ഥം "അതല്ലാത്തവയെല്ലാം" എന്നാണെന്നു സമ്മതിച്ചാലും വിരോധമില്ല. കാരണം, ശിർക്കല്ലാത്തതും എന്നാൽ മതത്തിൽ നിന്നു പുറത്തായി പോകുന്നതുമായ പാപങ്ങളെ സംബന്ധിച്ചു പറയുന്ന വചനങ്ങൾ ഈ വാക്കിന്റെ വ്യാപകമായ അർത്ഥത്തെ പരിമിതമാക്കി വ്യാഖ്യാനിക്കുന്നുവെന്നു മനസ്സിലാക്കിയാൽ മതി. ( عام നെ تخصيص ചെയ്യും)

മൂന്ന്:

ما مِنْ عَبْدٍ يشْهَدُ أن لا إلَـهَ إلاَّ الله وأنَّ محمدًا عَبْدُهُ ورَسولُهُ إلا حَرَّمَهُ الله على النَّـار

[അല്ലാഹുവല്ലാതെ ഒരു ആരാധ്യനില്ലെന്നും മുഹമ്മദ് (സ) അല്ലാഹുവിന്റെ അടിമയും ദൂതനുമാണെന്നും ആരെങ്കിലും സാക്ഷ്യപ്പെടുത്തിയാൽ അല്ലാഹു അവന്നു നരകം നിഷിദ്ധമാക്കാതിരിക്കില്ല. (അവനെ

നരകത്തിലാക്കുകയില്ല.] ഇതേപോലുള്ള ഹദീസുകളുടെ വ്യാപകമായ ആശയത്തെ നമസ്കാരമുപേക്ഷിച്ചാൽ കാഫിറാകുമെന്നു വ്യക്തമാക്കുന്ന ഹദീസുകളുടെ അർത്ഥപരിധി മനസ്സിലാക്കി വ്യാഖ്യാനിക്കണം.

നാല്: നമസ്കാരമുപേക്ഷിക്കാൻ സാധ്യമല്ലെന്ന നിബന്ധനയുൾക്കൊള്ളുന്ന പൊതുവായ പ്രയോഗമായിരിക്കും അവ.

ഉദാ:

فإنَّ الله حَرَّمَ على النَّارِ مَنْ قالَ لا إله إلا الله يبتغي بذلك وجهَ الله

[അല്ലാഹുവിൻെറ പ്രീതി കാംക്ഷിച്ച് ലാ ഇലാഹ ഇല്ലല്ലാഹ് എന്നു പറഞ്ഞയാളെ നരകത്തിന്നു അല്ലാഹു നിഷിദ്ധമാക്കി] അയാൾ നരകത്തിൽ കടക്കില്ലെന്നു സാരം. — ഹദീസ്

മറ്റൊന്ന്: മുആദ്(റ)ൽ നിന്നു റിപ്പോർട്ട് ചെയ്ത ഈ നബി വചനം.

مَا مِنْ أَحَدٍ يَشْهَدُ أن لا إله إلا الله وأنَّ محمدًا رسول الله صِدْقًا مِنْ قَلْبِهِ إلا حَرَّمَهُ الله على النار

[അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ്(സ) അല്ലാഹുവിൻെറ ദൂതനാണെന്നും മനസ്സിൽ സത്യമായംഗീകരിച്ച് (ശഹാദത്ത് കലിമ) പറഞ്ഞവനെ അല്ലാഹു നരകത്തിന്നു ഹറാമാക്കാതിരിക്കില്ല] — ബുഖാരി.

ഇവിടെ, മനസ്സിൽ സത്യമാംയംഗീകരിച്ച് ആത്മാർത്ഥതയോടെ ഉൾക്കൊള്ളുക എന്ന നിബന്ധനയോടു കൂടിയാണ് ഈ ശഹാദത്ത് കലിമ ഉച്ചരിക്കുക എന്നു പറഞ്ഞിട്ടുള്ളത്. ആത്മാർത്ഥമായംഗീകരിച്ച് സത്യപ്പെടുത്തിയ ശഹാദത്ത് അവനെ നമസ്കാരമുപേക്ഷിക്കുന്നതിൽ നിന്ന് തടയും. കാരണം ഹൃദയസാന്നിദ്ധ്യത്തോടെ യും ഉദ്ദേശ്യശുദ്ധിയോടെയും ആ വചനം ഉച്ചരിക്കുന്നവനെ അത് നമസ്കരിക്കാൻ പ്രേരിപ്പിക്കാതിരിക്കില്ല. ഇസ്ലാമിൻെറ നെടുംതൂണാണ് നമസ്കാരം. അതാണ് മനുഷ്യനും അവൻെറ രക്ഷിതാവും തമ്മിൽ ബന്ധപ്പെടാനുള്ള മാർഗ്ഗം. അല്ലാഹുവിൻെറ പ്രീതി കാംക്ഷിക്കുന്നതിൽ അവന്നു ആത്മാർത്ഥതയുണ്ടെങ്കിൽ അത് നേടാനാവശ്യമായ പ്രവർത്തനം അവൻ ചെയ്യേ മതിയാകൂ. അതിന്ന് തടസ്സമാകു ന്നവ ഒഴിവാക്കുകയും വേണം. ആകയാൽ അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ് (സ) അല്ലാഹുവിൻെറ ദൂതനാണെന്നും ആത്മാർത്ഥമായി സാക്ഷ്യപ്പെടുത്തുന്നവനെ, ആ വചനം തീർച്ചയായും നമസ്കരിക്കാൻ പ്രേരിപ്പിക്കും. എന്തുകൊണ്ടെന്നാൽ ആ സത്യസാക്ഷ്യത്തിൻെറ അനിവാര്യ കാര്യമത്രെ നമസ്കാരം.

അഞ്ച്: നമസ്കാരമുപേക്ഷിക്കാൻ മതപരമായിത്തന്നെ ന്യായമുള്ള സന്ദർഭവുമായി ബന്ധപ്പെട്ടു വന്ന ചില വചനങ്ങളായിരിക്കും അവയിൽ ചിലത്. ഉദാ:— ഹുദൈഫത്ത് ബ്നുൽ യമാനിൽ നിന്നു ഇബ്നു മാജ:

റിപ്പോർട്ട് ചെയ്ത നബിവചനം.

يَدرسُ الإسلام كما يُدرسُ وشيُ الثوب

[വസ്ത്രത്തിന്റെ കര ദ്രവിച്ചുപോകുന്നതുപോലെ ഇസ്‌ലാം ദ്രവിച്ചു പോകും]. ഈ വചനത്തിന്റെ ഭാഗമായി നബി(സ) ഇങ്ങനെ പറഞ്ഞു: [പിന്നീട് ചിലയാളുകൾ അവശേഷിക്കും. വയോവൃദ്ധർ. അവർ പറയും. ഞങ്ങളുടെ പിതാക്കളെ ലാ ഇലാഹ ഇല്ലല്ലാഹ് എന്ന വചനം അംഗീകരിക്കുന്നവരായിട്ടാണ് ഞങ്ങൾ കണ്ടത്. അതിനാൽ ഞങ്ങളും അത് പറയുന്നു. അപ്പോൾ ഹുദൈഫയോട് സ്വിലഃ ചോദിച്ചു: അവർക്കത് പ്രയോജനം ചെയ്യില്ലല്ലോ? എന്തെന്നാൽ എന്താണ് നമസ്കാരമെന്നോ നോമ്പെന്നോ ബലികർമ്മമെന്നോ ദാനമെന്നോ ഒന്നും അവർക്കറിഞ്ഞു കൂടല്ലോ? ആ ചോദ്യം ഹുദൈഫ അത്ര ശ്രദ്ധിച്ചില്ല. സ്വിലഃ വീണ്ടും ഈ ചോദ്യം ആവർത്തിച്ചു. അപ്പോഴൊക്കെ ഹുദൈഫ അതു ഗൗനിച്ചില്ല. മൂന്നാം തവണ ചോദിച്ചപ്പോൾ ഹുദൈഫ ഇങ്ങനെ പറഞ്ഞു: സ്വിലേ! അതു (അവർ പറഞ്ഞ ശഹാദത്ത് കലിമ) അവരെ നരകത്തിൽ നിന്നു രക്ഷപ്പെടുത്തും. ഈ ഉത്തരം അദ്ദേഹം രണ്ടു തവണ ആവർത്തിച്ചു.

ഈ റിപ്പോർട്ടിൽ ശഹാദത്ത് കലിമ പറഞ്ഞതിനാൽ നരകത്തിൽ നിന്നു രക്ഷപ്പെട്ടുവെന്നു വിശേഷിപ്പിച്ചവർ, ഇസ്‌ലാമിക നിയമങ്ങൾ ഉപേക്ഷിച്ചാൽ അല്ലാഹുവിൽ നിന്ന് ഒഴിവ് കഴിവ് ലഭിക്കാൻ അർഹതയുള്ളവരാണ്. കാരണം അവർക്ക് അതിനെക്കുറിച്ച് അറിവില്ല. അവരുടെ കഴിവിന്റെ പരമാവധി അവർ ചെയ്തു. ശരീഅത്ത് നിയമങ്ങൾ നിർബന്ധമാക്കപ്പെടുന്നതിനു മുമ്പോ, അല്ലെങ്കിൽ അവ നിർവ്വഹിക്കാൻ സൗകര്യം ലഭിക്കുന്നതിന്നു മുമ്പോ മരണപ്പെട്ടവർക്ക് സമാനമാണ് ഇവരുടെ സ്ഥിതി.

ശഹാദത്ത് കലിമ ഉച്ചരിച്ച് കഴിഞ്ഞ ഉടനെ, ശരീഅത്ത് കല്പിച്ച അനുഷ്ഠാനങ്ങൾ നിർവ്വഹിക്കുന്നതിന്നു മുമ്പായി മരിച്ചവരും, കുഫ്റിന്റെ നാട്ടിൽ വെച്ച് ഇസ്‌ലാം സ്വീകരിച്ച ശരീഅത്ത് സംബന്ധമായ അറിവ് നേടാൻ സൗകര്യപ്പെടുന്നതിന്നു മുമ്പ് അവിടെ വെച്ച് മരിച്ചവരും ഇക്കൂട്ടത്തിൽ പെടുന്നു.

ചുരുക്കത്തിൽ നമസ്കാരമുപേക്ഷിക്കുന്നവൻ കാഫിറാണെന്നു അഭിപ്രായപ്പെട്ടവരുടെ തെളിവുകളെ നേരിടാൻ തക്ക തെളിവുകളൊന്നും മറിച്ച് പറയുന്നവർക്കില്ല. കാരണം അവർ തെളിവായി ചൂണ്ടിക്കാട്ടുന്നതെല്ലാം അവ്യക്തവും ദുർബലവുമായ കാര്യങ്ങളാണ്. ഒരുപക്ഷേ അവ തെളിവായി ഉദ്ധരിക്കാൻ കൊള്ളാത്തവയോ, അല്ലെങ്കിൽ അവ നമസ്കാരമുപേക്ഷിക്കാതിരിക്കണമെന്നു കൂടി അർത്ഥ മാക്കുന്ന പ്രയോഗങ്ങളോ ആയിരിക്കും. ആ വാക്കുകൾ ചിലപ്പോൾ നിർബന്ധിതമായി നമസ്കാരമുപേക്ഷിക്കുന്നതിന്നു ന്യായീകരണമുള്ള സന്ദർഭങ്ങളിൽ വന്നതായിരിക്കും.

അതിന്നും പുറമെ ഇത്തരം വാക്കുകളെല്ലാം നമസ്കരിക്കാത്തവൻ കാഫിറാണെന്നു അറിയിക്കുന്ന തെളിവുകൾ കൂടി ഉൾക്കൊള്ളിച്ച് മനസ്സിലാക്കേണ്ടവയായിരിക്കും. അതിനാൽ നമസ്കാരമുപേക്ഷിക്കു

ന്നവൻ കാഫിറാണെന്ന കാര്യം സുദൃഢമായ തെളിവുകളാൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അവനിൽ കുഫ്റിൻെറയും രിദ്ദത്തിൻെറയും നിയമങ്ങൾ ബാധകമായിരിക്കും.

## മുർത്തദ്ദിൻെറ നിയമങ്ങൾ

നമസ്കാരമുപേക്ഷിക്കുന്നത് കൊണ്ടോ അല്ലാതെയോ മുർതദ്ദാവുന്നതോടെ ദുൻയാവിലും ആഖിറത്തിലും അവനിൽ പല നിയമങ്ങളും വിധികളും ബാധകമാകുന്നതാണ്. അവ താഴെ കൊടുക്കുന്നു.

### (ഒന്ന്) ദുൻയവിയായവ

(1) കൈകാര്യകർത്തൃത്വപരമായ അധികാരം (വിലായത്ത്) ദുർബലപ്പെടുന്നു. ഇസ്ലാം നിബന്ധനയാക്കിട്ടുള്ള ഒരു കാര്യവും ഏറ്റെടുക്കാൻ മുർതദ്ദിന്നു പാടില്ല. അതിനാൽ തൻെറ പെൺകുട്ടികളെ വിവാഹം ചെയ്തു കൊടുക്കാനുള്ള വിലായത്ത് അധികാരം അയാൾക്ക് നഷ്ടപ്പെടും. ഒരു മുസ്ലിം സ്ത്രീയെ വിവാഹം ചെയ്തുകൊടുക്കുന്ന വലിയ്യ് മുസ്ലിമായിരിക്കണമെന്നു മുസ്ലിം പണ്ഡിതന്മാർ ചെറുതും വലുതുമായ അവരുടെ ഗ്രന്ഥങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. കാഫിറിന്നു ആ വിലായത്ത് അധികാരമില്ല.

ഇബ്നു അബ്ബാസ് (റ) പറയുന്നു. വിവേകിയായ ഒരു വലിയ്യ് ഉണ്ടെങ്കിലല്ലാതെ വിവാഹം നടക്കില്ല. ഏററവും മഹത്തരവും ഉന്നതവുമായ വിവേകം ഇസ്ലാം ആകുന്നു. ഏററവും വലിയ വിഡ്ഢിത്തം നിറഞ്ഞ അവിവേകം കുഫ്റും ഇസ്ലാമിൽ നിന്ന് പുറത്ത് പോകലുമാണ്. അല്ലാഹു ചോദിക്കുന്നു.

وَمَنْ يَرغَبُ عن مِلَّةِ إبراهِيمَ إلاَّ مَنْ سَفِهَ نَفْسَهُ

"ആരാണ് ഇബ്റാഹീമിൻെറ മതത്തെ വെറുക്കുക. സ്വന്തത്തോട് തന്നെ അവിവേകം പ്രവർത്തിച്ചവനല്ലാതെ." — അൽബഖറ — 130.

(2) സ്വത്തവകാശം നഷ്ടപ്പെടുന്നു

മുസ്ലിമിൻെറ സ്വത്തിൽ കാഫിറിന്നും കാഫിറിൻെറ സ്വത്തിൽ മുസ്ലിമിന്നും അനന്തരാവകാശമില്ലാത്തതിനാൽ ഇസ്ലാമിൽ നിന്ന് പുറത്തുപോയ മുർതദ്ദിന്നു സ്വത്തവകാശം നഷ്ടപ്പെടുന്നു. ഉസാമത് ബ്ൻ സൈദിൽ നിന്നു ഉദ്ധരിക്കപ്പെടുന്ന ഒരു ഹദീസിൽ പറയുന്നു.

لا يَرِثُ المُسلمُ الكافِرَ ولا الكافِرُ المسلمَ.

കാഫിറിന്റെ സ്വത്തിൽ മുസ്‌ലിമിനോ മുസ്‌ലിമിന്റെ സ്വത്തിൽ കാഫിറിന്നോ യാതൊരു അവകാശമില്ല. (ബുഖാരി—മുസ്‌ലിം)

**3. മക്കയിലും ഹറമിലും പ്രവേശിക്കാൻ പാടില്ല.**

അല്ലാഹു പറഞ്ഞു:

يا أيُّها الذينَ آمنُوا إنَّما المشرِكُونَ نَجَسٌ فَلا يقْرَبوُا المسجِدَ الحَرامَ بَعْدَ عَامِهِم هٰذَا

"സത്യവിശ്വാസികളേ! തീർച്ചയായും മുശ്‌രിക്കുകൾ നജസ് ആകുന്നു. ഈ വർഷത്തിന്നു ശേഷം മസ്ജിദുൽ ഹറാമിനെ സമീപിക്കരുത്. (തൗബ. 28)"

**4. അവർ അറുത്ത മൃഗത്തെ ഭക്ഷിക്കാൻ പാടില്ല.**

ആട്, മാട്, ഒട്ടകം തുടങ്ങിയ മൃഗങ്ങളെ ഭക്ഷിക്കണമെങ്കിൽ അവയെ അറുക്കണമെന്നാണ് നിയമം. അറുക്കുന്നവൻ മുസ്‌ലിമോ വേദക്കാരോ (ജൂതന്മാർ, ക്രിസ്ത്യാനികൾ തുടങ്ങിയ...) ആയിരിക്കണമെന്നാണ് നിയമം. മുർതദ്ദ്, മജൂസി, ബിംബാരാധകൻ, വേദക്കാരനല്ലാത്തവൻ തുടങ്ങിയവർ അറുത്തത് തിന്നാൻ പാടില്ല. അതിനാൽ ആട്, മാട്, ഒട്ടകം തുടങ്ങിയവയെ അറുത്തത് മുർതദ്ദാണെങ്കിൽ തിന്നാൻ പാടില്ലാത്തതാണ്.

ഇമാം ഖാസിൻ തന്റെ തഫ്‌സീറിലെഴുതി: വിഗ്രഹാരാധകരും, മജൂസികളും, വേദക്കാരല്ലാത്തവരും അറുത്ത മാംസം ഭക്ഷിക്കൽ ഹറാമാണെന്ന കാര്യത്തിൽ പണ്ഡിതന്മാർക്ക് ഏകാഭിപ്രായമാണുള്ളത്.

ഇമാം അഹ്‌മദ് പറഞ്ഞു: ഇതിന്നെതിരായി ആരെങ്കിലും പറഞ്ഞതായി എനിക്കറിയില്ല. അങ്ങനെ പറയുന്നവൻ ബിദ്അത്ത്കാരനായിരിക്കും.

**5. അവർക്ക് വേണ്ടി മയ്യത്ത് നമസ്കരിക്കാനോ പാപമോചനത്തിനു വേണ്ടി പ്രാർത്ഥിക്കാനോ പാടില്ല.**

അല്ലാഹു പറഞ്ഞു

ولا تُصَلِّ على أحدٍ مِّنهُم مَّاتَ أبدًا ولا تقُمْ على قبرِه إنَّهم كفروا بالله ورسولِه وماتُوا وهمْ فاسِقُونَ

"അവരുടെ കൂട്ടത്തിൽ നിന്നു മരണപ്പെട്ട യാതൊരാളുടെ പേരിലും നീ ഒരിക്കലും നമസ്കരിക്കരുത്. അവന്റെ ഖബറിന്നരികിൽ നിൽക്കുകയും ചെയ്യരുത്. തീർച്ചയായും അവർ അല്ലാഹുവിലും അവന്റെ ദൂതനിലും അവിശ്വസിക്കുകയും ധിക്കാരികളായിക്കൊണ്ട് മരിക്കുകയും ചെയ്തിരിക്കുന്നു." (തൗബ. 84)

مَا كَانَ للنَّبِيِّ والـذينَ آمنُـوا أنْ يستغفِرُوا للمشركينَ ولو كانُوا أولِي قُرْبَى مِنْ بعد مَا تَبَيَّنَ لهم أنَّهم أصحابُ الجحيم. ومَا كَانَ استِغْفَارُ إبراهيمَ لأبيهِ إلا عَنْ موعدَةٍ وعَدَهَا إيَّاهُ فلمَّا تبينَ لَهُ أنَّه عدوٌّ لله تبرأ منه، إنَّ إبراهِيمَ لأوَّاهٌ حَليمٌ

"ബഹുദൈവ വിശ്വാസികൾ ജ്വലിക്കുന്ന നരകാഗ്നിയുടെ അവകാശികളാണെന്ന് തങ്ങൾക്ക് വ്യക്തമായിക്കഴിഞ്ഞതിനുശേഷം അവർക്ക് വേണ്ടി പാപമോചനം തേടുവാൻ— അവർ അടുത്ത ബന്ധമുള്ളവരായാൽ പോലും — പ്രവാചകന്നും സത്യവിശ്വാസികൾക്കും പാടുള്ളതല്ല. ഇബ്റാഹീം അദ്ദേഹത്തിൻെറ പിതാവി ന്നുവേണ്ടി പാപമോചനം തേടിയത് അദ്ദേഹം പിതാവിനോട് അങ്ങനെ വാഗ്ദാനം ചെയ്തതുകൊണ്ട് മാത്രമായിരുന്നു. എന്നാൽ അയാൾ (പിതാവ്) അല്ലാഹുവിൻെറ ശത്രുവാണെന്നു വ്യക്തമായപ്പോൾ അദ്ദേഹം അയാളെ (പിതാവിനെ) വിട്ടൊഴിഞ്ഞു. തീർച്ചയായും ഇബ്റാഹീം ഏറെ താഴ്മയുള്ളവനും സഹനശീലനുമാകുന്നു." തൗബ. 113—114.

കാഫിറായി മരിച്ചവർക്കായി, അനുഗ്രഹത്തിനും പാപമോചനത്തിനുംവേണ്ടി പ്രാർത്ഥിക്കൽ ധിക്കാരവും, അല്ലാഹുവിനോടുള്ള പരിഹാസവും നബിയുടെയും സത്യവിശ്വാസികളുടെയും മാർഗ്ഗത്തിൽ നിന്നുള്ള വ്യതിയാനവുമാകുന്നു. അല്ലാഹുവിൻെറ ശത്രുവും, കാഫിറും ആയിരിക്കെ മരിച്ച ആൾക്കു അല്ലാഹുവിൻെറ അനുഗ്രഹത്തിന്നും പാപമോചനത്തിന്നും വേണ്ടി പ്രാർത്ഥിക്കാൻ ഒരു വിശ്വാസിക്കെങ്ങനെ സാധിക്കും.

അല്ലാഹു പറഞ്ഞു:

مَنْ كانَ عدوًّا لله وملائِكَتِه ورسلِهِ وجبريلَ وميكالَ، فإنَّ الله عَدوٌّ للكافرينَ

"ആർക്കെങ്കിലും അല്ലാഹുവോടും അവൻെറ മലക്കുകളോടും അവൻെറ ദൂതന്മാരോടും ജിബ്രീലിനോടും മീകാഈലിനോടുമെല്ലാം ശത്രുതയാണെങ്കിൽ, ആ നിഷേധികളുടെ ശത്രു തന്നെയാകുന്നു അല്ലാഹു." (തൗബ. 98)

എല്ലാ കാഫിറുകളിൽ നിന്നും ഒഴിഞ്ഞു നിൽക്കൽ മുഅ്മിനിന് നിർബന്ധമാണ്. അല്ലാഹു പറഞ്ഞു:

وإذْ قَالَ إبراهِيمُ لأبيهِ وقومِهِ إنَّني براءٌ مِمَّا تعبُدُوْن. إلَّا الذي فَطَرَني فإنَّه سيهدِّين

"ഇബ്റാഹിം തൻെറ പിതാവിനോടും ജനങ്ങളോടും ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു) തീർച്ചയായും ഞാൻ നിങ്ങൾ ആരാധിക്കുന്നതിൽ നിന്ന് ഒഴിഞ്ഞ് നിൽക്കുന്നവനാകുന്നു. എന്നെ സൃഷ്ടിച്ചവൻ ഒഴികെ. കാരണം തീർച്ചയായും അവൻ എനിക്ക് മാർഗ്ഗദർശനം നൽകുന്നതാണ്."

(സുഖ്റുഫ് – 26, 27)

قَدْ كانتْ لَكمْ أسوَةٌ حَسَنَةٌ في إبراهيمَ، والذينَ مَعهُ إذْ قالُوا لِقومِهم إنّا بُرءاؤا منكُمْ ومِمّا تَعبُدُونَ مِنْ دون الله كَفرْنَا بِكم وبدا بيْننا وبينكُمْ العَداوَة والبَغْضاءُ أبدًا حتّى تؤمنُوا بالله وحْده

"നിങ്ങൾക്ക് ഇബ്റാഹീമിലും അദ്ദേഹത്തിൻെറ കൂടെയുള്ളവരിലും ഉത്തമമായ ഒരു മാതൃകയുണ്ടായിട്ടുണ്ട്. അവർ തങ്ങളുടെ ജനതയോട് പറഞ്ഞ സന്ദർഭം." നിങ്ങളുമായും അല്ലാഹുവിന്നു പുറമെ നിങ്ങൾ ആരാധിക്കുന്നവയുമായുള്ള ബന്ധത്തിൽ നിന്ന് തീർച്ചയായും ഞങ്ങൾ ഒഴിവായവരാകുന്നു. നിങ്ങളിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. നിങ്ങൾ അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നത് വരെ എന്നെന്നേക്കുമായി ഞങ്ങളും നിങ്ങളും തമ്മിൽ ശത്രുതയും വിദ്വേഷവും പ്രകടമാവുകയും ചെയ്തിരിക്കുന്നു." (മുംതഹിന : 4).

അല്ലാഹുവിൻെറ തൃപ്തിക്കായി, അല്ലാഹുവിന്നുവേണ്ടി സ്നേഹിക്കുക, അല്ലാഹുവിന്നു വേണ്ടി വെറുക്കുക, എന്നിവ ശക്തമായ ഈമാനിൻെറ ഘടകങ്ങളാണ്. (ഒരാളെ ഇഷ്ടപ്പെടുന്നതും വെറുക്കുന്നതുമെല്ലാം അല്ലാഹുവിൻെറ പ്രീതി കാംക്ഷിച്ചുകൊണ്ടായിരിക്കുമെന്നർത്ഥം).

6. മുസ്ലിം സ്ത്രീയെ വിവാഹം ചെയ്യാൻ പാടില്ല

മുർതദ്ദ് കാഫിറാകുന്നു. കാഫിറിന്നു മുസ്ലിം സ്ത്രീയെ വിവാഹം ചെയ്യാൻ പാടില്ലെന്ന് ഇസ്ലാമിക പ്രമാണങ്ങളും ഇജ്മാഉം വ്യക്തമാക്കുന്നുണ്ട്. അല്ലാഹു പറഞ്ഞു.

يا أَيُّها الذينَ آمنُوا إذَا جَاءكُمُ المؤمِنَاتُ مُهاجراتٍ فامتحنوهُنَّ الله أعلمُ بإيمانِهنَّ فإنْ عَلمتمُوهُنَّ مؤمِنات فَلا تَرجعوهُنَّ إلى الكُفّارِ لا هُنَّ حِلٌّ لهم ولا هم يَحلُّونَ لهُنَّ

സത്യവിശ്വാസികളേ! സത്യവിശ്വാസിനികൾ ഹിജ്റ ചെയ്തു വന്നു നിങ്ങളെ സമീപിച്ചാൽ നിങ്ങളവരെ പരീക്ഷിച്ചറിയണം. അവരുടെ വിശ്വാസത്തെക്കുറിച്ച് ഏററവുമറിയുന്നവൻ അല്ലാഹുവാകുന്നു. അവർ സത്യവിശ്വാസിനികളാണെന്നു നിങ്ങളറിഞ്ഞു കഴിഞ്ഞാൽ പിന്നെ കാഫിറുകളുടെ അടുക്കലേക്ക് നിങ്ങൾ അവരെ മടക്കിയയക്കരുത്. ആ (വിശ്വാ

സിനികളായ) സ്ത്രീകൾ (അവിശ്വാസികളായ) ആ പുരുഷന്മാർക്കോ അവർ ആ സ്ത്രീകൾക്കോ ഹലാലല്ല.

(അൽമുംതഹിന)

മുഗ്നി (6/592ൽ) പറയുന്നു: വേദക്കാരല്ലാത്ത കാഫിറുകളുടെ സ്ത്രീകളെ വിവാഹം ചെയ്യലും അവർ അറുത്ത മൃഗങ്ങളുടെ മാംസം കഴിക്കലും ഹറാമാണെന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമില്ല. മുർതദ്ദായ സ്ത്രീയെയും വിവാഹം ചെയ്യാൻ പാടില്ല. പ്രസ്തുത ഗ്രന്ഥത്തിൽ (8/130ൽ) മുർതദ്ദിനെസ്സംബന്ധിച്ചുള്ള അദ്ധ്യായത്തിൽ ഇങ്ങനെ പറയുന്നു: "അയാൾ വിവാഹം ചെയ്താൽ ആ വിവാഹം സ്വഹീഹാവുകയില്ല. അയാളുടെ വിവാഹത്തിന്നു അംഗീകാരമില്ലാത്തതാണു അതിന്ന് കാരണം. അയാളുടെ വിവാഹം അംഗീകരിക്കപ്പെടാത്തതായതു കൊണ്ട് ആ വിവാഹം അസാധുവാണെന്നു സാരം. കാഫിർ മുസ്ലിം വനിതയെ വിവാഹം ചെയ്താൽ അതു സാധുവല്ലാത്തപോലെ." മുർതദ്ദ് ആയ ആളെ വിവാഹം കഴിക്കുന്നതും ഹറാമാണെന്നത് വളരെ വ്യക്തമാണ്. എങ്കിൽ പിന്നെ വിവാഹം കഴിഞ്ഞതിന്നുശേഷം മുർതദ്ദ് ആയവന്റെ കാര്യം പറയേണ്ടതുണ്ടോ?

മുഗ്നി (6/298ൽ) പറയുന്നു: ലൈംഗിക ബന്ധത്തിന്നു മുമ്പായി ദമ്പതികളിലാരെങ്കിലും മുർതദ്ദ് ആയാൽ അന്നേരം തന്നെ അവരുടെ വിവാഹം ദുർബലപ്പെട്ടു. അവർക്ക് പരസ്പരം സ്വത്തവകാശമുണ്ടാവുകയില്ല. എന്നാൽ ലൈംഗിക ബന്ധത്തിന്നുശേഷമാണു മുർതദ്ദാവുന്നതെങ്കിൽ അതിനെ സംബന്ധിച്ച് രണ്ട് റിപ്പോർട്ടാണുള്ളത്. (ഒന്ന്) എത്രയും പെട്ടെന്നു ബന്ധം വേർപെടുത്തണം. (രണ്ട്) ഇദ്ദ അവസാനിക്കുന്നതോടെ വേർപിരിയൽ പ്രാബല്യത്തിൽ വരും.

മുഗ്നി (6/639)യിൽ തന്നെ പറഞ്ഞു: ലൈംഗിക ബന്ധത്തിന്നു മുമ്പ് മുർതദ്ദ് ആയാൽ വിവാഹം ദുർബലപ്പെടുമെന്നത് മുഴുവൻ പണ്ഡിതന്മാരുടെയും അഭിപ്രായമാണ്. ലൈംഗികബന്ധത്തിന്നു ശേഷമാണ് അതെങ്കിൽ അപ്പോൾ തന്നെ വിവാഹം ദുർബലപ്പെടുന്നുവെന്നത് മാലിക്(റ)ന്റെയും അബൂഹനീഫ(റ)യുടെയും അഭിപ്രായമാണ്. ഇദ്ദയുടെ സമയം തീരുന്നതോടെയാണ് ബന്ധം വേർപിരിയൽ പ്രാബല്യത്തിൽ വരികയെന്നത് ശാഫിഇ(റ)യുടെ അഭിപ്രായമാണ്.

ഇപ്പറഞ്ഞതിൽ നിന്ന്, ദമ്പതികളിലൊരാൾ മുർതദ്ദായാൽ അവരുടെ വിവാഹബന്ധം ദുർബലപ്പെടുമെന്ന കാര്യത്തിൽ നാല് ഇമാമുകളും ഏകാഭിപ്രായക്കാരാണെന്നു മനസ്സിലാക്കാം. ലൈംഗികബന്ധത്തിന്നു മുമ്പാണ് മുർതദ്ദായതെങ്കിൽ വിവാഹം അപ്പോൾ തന്നെ ദുർബലപ്പെട്ടു. ലൈംഗികബന്ധത്തിനുശേഷമാണെങ്കിലും ഇതാണ് വിധിയെന്നു ഇമാം മാലിക്(റ) ഇമാം അബൂഹനീഫ(റ) എന്നിവർ പറയുന്നു. അതു മുതൽ ഇദ്ദയുടെ അവധി വരെ കാത്തിരിക്കണമെന്നാണ് ഇമാം ശാഫിഈ(റ)വിന്റെ അഭിപ്രായം. ഇമാം അഹ്മദ്(റ)ൽ നിന്ന് ഈ വിഷയത്തിൽ ഈ രണ്ടു

അഭിപ്രായങ്ങളും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

പേജ് 640ൽ (മുഗ്നി—൭) പറയുന്നു. ദമ്പതിമാർ രണ്ടും ഒരേ സമയത്ത് മുർ തദ്ദുകളായാൽ, അവരിലൊരാൾ മുർതദ്ദായാലുള്ള നിയമം തന്നെയാണുള്ളത്. അതായത് അവർ മുർതദ്ദായത് ലൈംഗികബന്ധത്തിന്നു മുമ്പാണെങ്കിൽ ഉടൻ ബന്ധം വേർപിരിയുക. ശേഷമാണെങ്കിൽ ഒന്നുകിൽ ഉടൻ ബന്ധം പിരിയുക അല്ലെങ്കിൽ ഇദ്ദ കഴിയും വരെ കാത്തിരിക്കുക. ഇതാണു ഇമാം ശാഫി(റ)യുടെ അഭിപ്രായം. എന്നാൽ അവരുടെ ദീൻ വ്യത്യസ്ഥങ്ങളായിട്ടില്ലാത്തതിനാൽ അന്നേരം വിവാഹം ദുർബലപ്പെടുകയില്ലെന്നാണു ഇമാം അബൂ ഹനീഫ(റ)ൽ നിന്നുള്ള റിപ്പോർട്ട്. എന്നാൽ ഈ അഭിപ്രായത്തെ മുഗ്നിയുടെ കർത്താവ് ഖണ്ഡിച്ചിരിക്കുന്നു.

മുർതദ്ദ് ആയ ഒരാൾക്ക് മുസ്ലിമിനെ വിവാഹം ചെയ്യാൻ പാടില്ല. ഇക്കാര്യം ഖുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിലുള്ള നിയമമാണ്. നമസ്കാരമുപേക്ഷിക്കുന്നവൻ കാഫിറാണെന്നു ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും സ്വഹാബത്തിന്റെ അഭിപ്രായത്തിൽ നിന്നും വ്യക്തമാകുന്നു. ഇതിൽ നിന്നും, നമസ്കരിക്കാത്ത ഒരാൾ ഒരു മുസ്ലിം സ്ത്രീയെ വിവാഹം ചെയ്താൽ ആ വിവാഹം അസാധുവാണെന്നും അവൾ അവന് അനുവദനീയമാവില്ലെന്നും വ്യക്ത മായി മനസ്സിലാക്കാം. അയാൾ തൗബാ ചെയ്ത് ഇസ്ലാമിലേക്ക് മടങ്ങി വന്നാൽ വീണ്ടും നിക്കാഹ് നടത്തണം. ഇത് തന്നെയാണ് നമസ്കരിക്കാത്ത സ്ത്രീകളെ ക്കുറിച്ചുള്ള നിയമവും. കാഫിറുകൾ, കാഫിറുകളായിരിക്കെ വിവാഹം ചെയ്യു ന്നതും നാം ചർച്ച ചെയ്യുന്ന വിഷയവും തമ്മിൽ വ്യത്യാസമുണ്ട് . ഉദാഹരണത്തിന്, ഒരു കാഫിർ കാഫിറായ ഒരു സ്ത്രീയെ വിവാഹം ചെയ്തു കഴിഞ്ഞശേഷം അവൾ മുസ്ലിമായാൽ, ലൈംഗികബന്ധത്തിന്നു മുമ്പാണവൾ മുസ്ലിമാവുന്നതെങ്കിൽ വിവാഹം അപ്പോൾ തന്നെ ദുർബലപ്പെടുന്നതാണ്. അതിന്നു ശേഷമാണെങ്കിൽ വിവാഹം അന്നേരം ദുർബലപ്പെടുന്നില്ല. ഇദ്ദ കഴിയും വരെ കാത്തിരിക്കണം. അതിനിടക്ക് ഭർത്താവ് മുസ്ലിമായാൽ അവൾ അയാളുടെ ഭാര്യ തന്നെ. അയാൾ മുസ്ലിമാകുന്നതിന്നു മുമ്പായി ഇദ്ദാ സമയം അവസാനിച്ചാൽ അയാൾക്ക് അവളിൽ യാതൊ രവകാശവുമില്ല. കാരണം അവൾ മുസ്ലിമായതോടെ തന്നെ വിവാഹം ദുർബലപ്പെട്ടു കഴിഞ്ഞു.

നബി(സ)യുടെ കാലത്ത് കാഫിറുകൾ — ഭാര്യാഭർത്താക്കന്മാരൊരുമിച്ച് — ഇസ്ലാം സ്വീകരിക്കുമായിരുന്നു. വിവാഹം നിഷിദ്ധമാക്കുന്ന വിധമുള്ള കാരണങ്ങൾ നിലനിൽക്കുന്നില്ലെങ്കിൽ അവരുടെ നേരത്തെയുള്ള വിവാഹം നബി(സ) അംഗീകരിച്ചിരുന്നു. ഉദാഹരണമായി ഇസ്ലാമിൽ വിവാഹം നിഷിദ്ധമാകത്തക്കവിധം രക്തബന്ധമുള്ള മജൂസികളായ ഭാര്യാഭർത്താക്കന്മാരാണ് മുസ്ലിംകളാകുന്നതെങ്കിൽ നബി അവരുടെ ബന്ധം ദുർബലപ്പെടുത്തുമായിരുന്നു. അവരുടെ വിവാഹം ഹറാമാകുന്ന കാരണം നിലനിൽക്കുന്നതുകൊണ്ടാണിത്.

എന്നാൽ ഇപ്പറഞ്ഞത്, നമസ്കരിക്കാതിരിക്കുക മൂലം കാഫിറായി

ത്തിരുകയും, എന്നിട്ട് മുസ്‌ലിം സ്ത്രീയെ വിവാഹം ചെയ്യുകയും ചെയ്ത ആളുടെ പ്രശ്നം പോലെയല്ല. എന്തെന്നാൽ കാഫിറായ ഒരുവന്നു മുസ്‌ലിം വനിത ഹലാലല്ല എന്നത് രേഖകളിലൂടെയും ഇജ്മാഇലൂടെയും സ്ഥിരപ്പെട്ട കാര്യമത്രെ. നേരത്തെത്തന്നെ കാഫിറായ — മുർതദ്ദായതല്ലാത്ത — കാഫിറായാലും അങ്ങനെത്തന്നെ. അതിനാൽ മുസ്‌ലിം വനിതയെ കാഫിർ വിവാഹം ചെയ്താൽ, വിവാഹം അസാധുവാണ്. അതിനാൽ തന്നെ അവർ തമ്മിൽ ഉടൻ ബന്ധം പിരിയൽ നിർബന്ധമാണ്. ഇനി അയാൾ ഇസ്‌ലാം സ്വീകരിച്ച് അവളോടൊത്ത് തന്നെ ജീവിക്കാൻ ആഗ്രഹിക്കുകയും ചെയ്താൽ, ഒരു പുതിയ വിവാഹകർമ്മത്തിലൂടെ മാത്രമേ അതു സാധ്യമാകൂ.

### 7. നമസ്കാരമുപേക്ഷിക്കുന്നവന്റെ കുട്ടികൾ

ഉമ്മയെ സംബന്ധിച്ചിടത്തോളം, ഏതവസ്ഥയിലും മക്കൾ അവളുടെതാണ്. എന്നാൽ വിവാഹിതനായ പുരുഷനെ സംബന്ധിച്ചിടത്തോളം (നമസ്കാരമുപേക്ഷിക്കുന്നവൻ കാഫിറാണെന്നു അഭിപ്രായമില്ലാത്തവരുടെ ന്യായപ്രകാരം) കുട്ടി അവന്റെതു തന്നെ. കാരണം അയാളുടെ വിവാഹം സാധുവാണല്ലോ. എന്നാൽ നേരത്തെ പറഞ്ഞ പ്രകാരം നമസ്കാരമുപേക്ഷിക്കുന്നവൻ കാഫിറാണെന്ന ശരിയായ അഭിപ്രായത്തിൽ നമുക്ക് പറയാനുള്ളതിതാണ്.

തന്റെ വിവാഹം ദുർബലപ്പെട്ടിട്ടുണ്ടെന്ന കാര്യം ഭർത്താവിന്നറിയില്ലെങ്കിൽ കുട്ടികളെ അയാളിലേക്ക് ചേർക്കപ്പെടുന്നതാണ്. കാരണം തന്റെ ലൈംഗിക ബന്ധം ഹലാലാണെന്നാണല്ലോ അയാളുടെ വിശ്വാസം. അത് സംശയകരമായ (ശുബ്ഹത്തിന്റെ) ലൈംഗിക ബന്ധമാണ്. ഇത്തരം ഘട്ടങ്ങളിൽ കുട്ടി നിയമാനുസൃതമുണ്ടായ സന്താനമായി അയാളിലേക്ക് ചേർക്കപ്പെടും. എന്നാൽ തന്റെ വിവാഹം ദുർബലമാണെന്ന അറിവും വിശ്വാസവും ഭർത്താവിന്നുണ്ടെങ്കിൽ കുട്ടി കളെ അയാളിലേക്ക് ചേർക്കാൻ ഒരിക്കലും പാടില്ല. കാരണം അയാൾക്ക് ഹലാ ലല്ല എന്നുറപ്പുള്ള ഒരു സ്ത്രീയുമായി ലൈംഗിക ബന്ധം പുലർത്തിയാണ് ആ കുട്ടി കളുണ്ടായത്.

### രണ്ട്: മുർതദ്ദിന്റെ പരലോകം

1. മലക്കുകൾ അവനെ ശിക്ഷിക്കും.

അല്ലാഹു പറഞ്ഞു.

ولو تَرَى إذْ يتوفَّى الذينَ كَفَرُوا الملائِكَةُ، يَضربُونَ وُجُوهَهُمْ وأدبارَهُمْ، وذوقوا عَذابَ الحَرِيقِ. ذلكَ بما قَدَّمتْ أيدِيكُمْ، وأنَّ الله ليسَ بظَلَّامٍ للعبيد

"കാഫിറുകളെ, മലക്കുകൾ മരിപ്പിക്കുകയും, അവരുടെ മുഖങ്ങളലും പിൻഭാഗത്തും പ്രഹരിക്കുകയും നിങ്ങൾ കത്തിയെരിയുന്ന നരകശിക്ഷ അനുഭവിക്കുക എന്ന് പറയുകയും ചെയ്യുന്ന അവസ്ഥ നിങ്ങൾ കാണുകയായിരുന്നെങ്കിൽ! അത് നിങ്ങളുടെ കൈകൾ മുമ്പ് ചെയ്ത പ്രവർത്ത

നങ്ങളുടെ ഫലമായാണ്; അല്ലാഹു അടിമകളോട് ഒട്ടും അക്രമം കാണിക്കാത്തവനായതിനാലും."

(അൻഫാൽ 50,5 )

2. പരലോകത്ത് കാഫിറിന്റെ കൂടെ

അല്ലാഹു പറഞ്ഞു:

احشُروا الذينَ ظَلَموا وأزْواجَهُمْ وما كانُوا يعبُدُونَ مِنْ دُونِ الله فاهدوهم إلى صراطِ الجحيم

"അക്രമം ചെയ്തവരെയും, അവരുടെ വർഗ്ഗക്കാരേയും അല്ലാഹുവിന് പുറമെ അവർ ആരാധിച്ചിരുന്നവരേയും ഒരുമിച്ചു കൂട്ടുക, നരകത്തിലേക്കുള്ള വഴിയിൽ അവരെ നയിക്കുക" (സ്വാഫാത്ത് 22, 23)

അതായത് അക്രമികളെയും അവരുടെ വർഗ്ഗക്കാരായ കാഫിറുകളെയും ഒരുമിച്ചു കൂട്ടുക എന്ന് സാരം.

3. ശാശ്വത നരകശിക്ഷ

അല്ലാഹു പറഞ്ഞു:

إنَّ الله لَعَنَ الكافرينَ وأعَدَّ لهم سعيراً. خالدينَ فيها أبدًا لا يجدونَ وليًا ولا نَصيراً. يومَ تُقَلَّبُ وجُوهُهُمْ في النَّار يقولُونَ يا ليتَنا أطعْنَا الله وأطعْنَا الرسُولاَ

"നിഷേധികളെ അല്ലാഹു തീർച്ചയായും ശപിക്കുകയും അവർക്ക് കത്തിയെരിയുന്ന നരകം തയ്യാറാക്കുകയും ചെയ്തിരിക്കുന്നു. ഒരു രക്ഷകനെയോ സഹായിയെയോ കണ്ടെത്താൻ കഴിയാതെ അവരവിടെ ശാശ്വതരായി കഴിയേണ്ടി വരും. തങ്ങളുടെ മുഖങ്ങൾ തീയ്യിലിട്ട് മറിക്കപ്പെട്ടുകൊണ്ടേയിരിക്കെ ഞങ്ങൾ അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ചിരുന്നെങ്കിലെന്ന് അവർ പറയുകയും ചെയ്യുന്ന ദിവസം."

(അൽ അഹ്സാബ് 64, 65, 66)

* * * *

അനവധിയാളുകളെ ആശയക്കുഴപ്പത്തിലാക്കിയ ഈ അതിപ്രധാന വിഷയത്തിന്റെ ചർച്ച ഇവിടെ അവസാനിപ്പിക്കുകയാണ്.

തൗബ ഉദ്ദേശിക്കുന്നവർക്ക് വേണ്ടിയെല്ലാം, അതിന്റെ കവാടം തുറന്ന്

കിടക്കുകയാണ്. അതിനാൽ മുസ്ലിം സഹോദരാ, എത്രയും പെട്ടെന്ന്, നിഷ്കളങ്ക ഹൃദയത്തോടെ, കഴിഞ്ഞുപോയ തെററുകളിൽ ഖേദിച്ചും, ഇനിയതാവർത്തിക്കില്ലെന്നുറപ്പിച്ചും, പുണ്യകർമ്മങ്ങൾ വർദ്ധിപ്പിച്ചും അല്ലാഹുവിനോട് തൗബ ചെയ്യുക.

فَمن تَابَ وآمَنَ وعَمِلَ عَمَلاً صالِحًا فأولئِكَ يُبدِّلُ اللهُ سيئاتِهِم حَسَنَاتٍ، وكانَ اللهُ غفورًا رحيمًا. ومَنْ تَابَ وعَمِلَ صَالِحًا فإِنَّهُ يَتوبُ إلى اللهِ متابًا

"ആകയാൽ, ആരെങ്കിലും തൗബ ചെയ്യുകയും വിശ്വസിക്കുകയും സുകൃതം പ്രവർത്തിക്കയും ചെയ്താൽ, അത്തരക്കാരുടെ തിന്മകൾ, അല്ലാഹു നന്മകളാക്കി മാററുന്നതാണ്. അല്ലാഹു വളരെയേറെ പൊറുക്കുന്നവനും എമ്പാടും കാരുണ്യ മുള്ളവനുമാണ്. ആരെങ്കിലും പശ്ചാത്തപിച്ച്, നല്ലത് പ്രവർത്തിച്ചാൽ, തീർച്ചയായും അല്ലാഹുവിങ്കലേക്കുള്ളൊരു മടക്കമാണ് അവൻ മടങ്ങുന്നത്" (അൽ ഫുർഖാൻ)

വിവേകം, എല്ലാ കാര്യങ്ങളിലും നമുക്ക് ഏർപ്പെടുത്തിത്തരാനും, തന്റെ അനുഗ്രഹത്തിന് അർഹരായ പ്രവാചകർ, സിദ്ദീഖുകൾ, ശുഹദാക്കൾ, സ്വാലിഹുകൾ എന്നിവരുടെ മാർഗ്ഗത്തിൽ — കോപവിധേയരുടെയും മാർഗ്ഗഭ്രംശം വന്നവരുടെയും മാർഗ്ഗമല്ല — നമ്മെ ചേർക്കാനും അല്ലാഹുവോട് വിനീതമായി ഞാൻ പ്രാർത്ഥിക്കട്ടെ.

# من إنجازات المكتب

- إسلام أكثر من (٣٥,٠٠٠) شخص.
- طباعة أكثر من (١٠,٢٣٠,٠٠٠) كتاب من مصاحف وكتب وتراجم لمعاني القرآن .
- إقامة (٢٦) رحلة حج استفاد منها ما لايقل عن (٢١,٠٠٠) مسلم.
- إقامة أكثر من (٣٦٠٠)حملة عمرة استفاد منها مالايقل عن (١٨٠,٠٠٠) مسلم .
- إهداء أكثر من (٣,٠٠٠,٠٠٠) نسخة من المقررات .
- إرسال مايزيد عن (٣٤٠,٠٠٠) رسالة من الرسائل الدعوية والتوعوية .
- تنفيذ برامج إفطار استفاد منها مالايقل عن (١٤٠,٠٠٠) صائم.
- إقامة مايزيد على (١٦٠,٠٠٠) محاضرة وملتقى وبرامج توعوية وزيارات هادفة ، استفاد منها مالايقل عن (١,٢٧٢,٠٧٥) شخص .


المكتب التعاوني للدعوة والإرشاد وتوعية الجاليات في وسط بريدة

The Cooperative Office for Call and Guidance
in Central Buraidah

Tel: 06-3248980 Fax: 06-3245414

Mobile: +966550511497 +966500795999


المطبوعات SA٦٧٨٠٠٠٠١٠٨٦٠٨٠١٠١٩٤١٤١

العام SA٠٧٨٠٠٠٠١٠٨٦٠٨٠١٠٢٧٠٠٠٨

Al Rajhi Bank مصرف الراجحي

الزكاة SA٤٠٨٠٠٠٠٢١٢٦٠٨٠١٠٠٤٨٠٠١


مطبعة النرجس- ت: ٢٣١٦٦٥٣ ف: ٢٣١٦٨٦٦ ردمك: ٨ - ١٣ - ٧٨٣ - ٩٩٦٠